ബാല **കുസുമം**
മാസിക

പുസ്തകം 13
ലക്കം 06
2026 ആഗസ്റ്റ്

# മൂന്നാറിലെ റെയിൽവേ

**കേ**രളത്തിലെ ആദ്യ മോണോ റെയിൽ തീവണ്ടിപ്പാത എവിടെയാണെന്നറിയാമോ? ഇടുക്കിജില്ലയിലെ മൂന്നാറിൽ!

1902 ൽ മാട്ടുപ്പെട്ടി മുതൽ കുണ്ടള വരെയാണ് കാളകൾ വലിച്ചിരുന്ന ഈ റെയിൽവേ സംവിധാനം ആരംഭിച്ചത്. 1908 ൽ മോണോറെയിലിനു പകരം നാരോഗേജ് ട്രാക്കുകളിലൂടെ ആവിയന്ത്രം ഉപയോഗിച്ച് തീവണ്ടി ഓടിത്തുടങ്ങി. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനിയാണ് 'കുണ്ടളവാലി ലൈറ്റ് റെയിൽവേ' എന്ന പേരിൽ ഈ റെയിൽവേ നിർമ്മിച്ചത്. ചരക്കുനീക്കത്തിനോടൊപ്പം തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും ഇതിൽ യാത്ര ചെയ്യാൻ സൗകര്യമുണ്ടായിരുന്നു. 1924 ലെ മഹാപ്രളയത്തിലും ഉരുൾപൊട്ടലിലും റെയിൽവേ ട്രാക്കുകളും സ്റ്റേഷനുകളും പൂർണ്ണമായും തകർന്നു. ചരക്കുനീക്കത്തിനും ഗതാഗതത്തിനും റോഡുകളെ ആശ്രയിച്ചു തുടങ്ങിയതോടെ മൂന്നാറിലെ റെയിൽവേ സംവിധാനം പിന്നീട് പുനഃസ്ഥാപിച്ചില്ല. ഇന്ന് കെ ഡി എച്ച് പി ഹൗസ് നിൽക്കുന്ന സ്ഥലം അന്ന് മൂന്നാർ റെയിൽവേ സ്റ്റേഷനായിരുന്നു. മൂന്നാറിലെ പ്രധാന ആകർഷണമായ ടോപ് സ്റ്റേഷനായിരുന്നു റെയിൽവേയുടെ ഉയർന്നയറ്റം!



# ഉപകാര മില്ലാത്ത വസ്തു

**പേ**ർഷ്യയിലെ സൂഫീ ഗുരുവിന്റെ ശിക്ഷണത്തിൽ വർഷങ്ങളോളം കഴിഞ്ഞു കൂടിയ അബ്ദുല്ല പർണ്ണ ശാലയിൽ നിന്ന് യാത്ര പറഞ്ഞിറങ്ങുമ്പോൾ ഗുരുവിനോട് ചോദിച്ചു:

'ഗുരോ, വിലമതിക്കാനാവാത്ത ജീവിതപാഠങ്ങളാണ് എനിക്കങ്ങ് നമ്മാനിച്ചത്. അതിനു പകരം അങ്ങേക്കു ഞാൻ എന്താണു നൽകേണ്ടത്?'

ഗുരു ശാന്തനായി പറഞ്ഞു:

'എനിക്ക് ഒന്നും വേണ്ട, യാതൊരു ഉപകാരവുമില്ലാത്ത എന്തെങ്കിലുമൊരു വസ്തു മൂന്നു ദിവസത്തിനകം എനിക്കു സമർപ്പിച്ചാൽ മതി.'

അബ്ദുല്ല സമ്മതിച്ചു. അടുത്തദിവസം പ്രഭാതത്തിൽ തന്നെ അബ്ദുല്ല ഉപകാരമില്ലാത്ത വസ്തു തേടിയിറങ്ങി.





ഗുരുവിന് സമർപ്പിക്കാമെന്നു വിചാരിച്ച് അബ്ദുല്ല ഒരുപിടി മണ്ണു വാരിയെടുത്തപ്പോൾ മണ്ണ് അബ്ദുല്ലയോട് പറഞ്ഞു:

'ലോകത്തിലെ സകലവസ്തുക്കളും എന്നിൽ നിന്നാണുണ്ടായതെന്ന് നീ മറന്നുപോയോ? നീയും ഉണ്ടായത് എന്നിൽ നിന്നല്ലേ?' അതുകേട്ട് അബ്ദുല്ല അമ്പരന്നു.

ആ മണ്ണ് ഉപേക്ഷിച്ച് അബ്ദുല്ല വഴിയരികിൽ കിടക്കുന്ന ഒരു കല്ലെടുത്തു. അപ്പോൾ കല്ല് ഇങ്ങനെ പറഞ്ഞു: 'എന്നെ ഉപയോഗിച്ചല്ലേ മനുഷ്യർ വലിയ കെട്ടിടങ്ങൾ പണിതുയർത്തുന്നത്? പിന്നെ, ഞാനെങ്ങനെ ഉപകാരമില്ലാത്ത വസ്തുവാകും?'

തുടർന്ന് മൂന്നുദിവസം അന്വേഷിച്ചു നടന്നെങ്കിലും അബ്ദുല്ലക്ക് ഉപകാരമില്ലാത്ത ഒരു വസ്തുവും കണ്ടെത്താൻ കഴിഞ്ഞില്ല.

നാലാം നാൾ അബ്ദുല്ല പർണ്ണശാലയിൽ തിരിച്ചെത്തി ഗുരുവിനോട് പറഞ്ഞു:

'ഗുരോ, ഉപകാരമില്ലാത്ത ഒരു വസ്തുവും എനിക്കു കണ്ടെത്താൻ കഴിഞ്ഞില്ല.'

അപ്പോൾ ഗുരു പുഞ്ചിരിയോടെ പറഞ്ഞു: 'മനസ്സിനുള്ളിലെ അഹംഭാവമാണ് ഉപകാരമില്ലാത്ത ഏക വസ്തു. അതിവിടെ സമർപ്പിച്ച് പൊയ്ക്കോളൂ.'

അബ്ദുല്ല തന്റെയുള്ളിലെ അഹംഭാവം ഗുരുവിനു മുമ്പിൽ സമർപ്പിച്ച് വീട്ടിലേക്ക് മടങ്ങി.


**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്‌യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ – ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി




# മരക്കൊള്ളി വാൾ

**ബ**ദ്ർ പോർക്കളമാണ് രംഗം. ഉക്കാശതുബ്നു മിഹ്സൻ(റ) ധീരമായ പോരാട്ടത്തിലാണ്. ശത്രുക്കളെ അരിഞ്ഞുതള്ളി മുന്നേറുകയാണ്. അതിനിടെ അദ്ദേഹത്തിന്റെ വാൾ പൊട്ടിപ്പോയി.

'ഇനി എന്തു ചെയ്യും? പിന്തിരിയാൻ വയ്യല്ലോ.' അദ്ദേഹം തിരുനബി(സ)യെ സമീപിച്ചു കാര്യം പറഞ്ഞു.

തിരുനബി(സ)യുടെ കൈയിൽ വേറെ വാളില്ല. അവിടുന്ന് ചുറ്റും നോക്കി. ഒരു വിറകുകൊള്ളിയാണ് കണ്ടത്. അതെടുത്ത് ഉക്കാശ(റ)വിന് കൊടുത്തുകൊണ്ട് പറഞ്ഞു: 'ഇതു കൊണ്ട് അങ്കം വെട്ടുക.'

മൂർച്ചയേറിയ വാളുകൾക്കു മുമ്പിൽ ഒരു വിറകുകൊള്ളി കൊണ്ട് എന്തു ചെയ്യാൻ?! തിരുനബി(സ)യാണത് തന്നത്. അതുകൊണ്ട് പോരാടാനാണ് കൽപിച്ചത്. ഉക്കാശ(റ) അത് കൈയിൽ പിടിച്ച് ഒന്നാഞ്ഞു വീശി. അത്ഭുതം! കൈയിൽ തിളങ്ങുന്നതും മൂർച്ചയേറിയതുമായ ഒരു ഉരുക്കുവാൾ!

ഉക്കാശ(റ) ആ വാളുമായി ശത്രുക്കളുടെ നേരെ കുതിച്ചു. എന്തൊരു മൂർച്ചയാണാ വാളിന്! അദ്ദേഹത്തിന്റെ മുമ്പിൽ പെട്ട ശത്രുക്കളാരും പിന്നെ ജീവനോടെ തിരിച്ചുപോയില്ല. യുദ്ധം കഴിഞ്ഞപ്പോഴും വാളിന് യാതൊരു മാറ്റവുമില്ല. പിന്നെയും നിരവധി യുദ്ധങ്ങളിൽ ആ വാളുകൊണ്ടദ്ദേഹം പോരാടി. രക്തസാക്ഷിയാകുന്നതു വരെ ആ വാൾ അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു.

സലമതുബ്നുഅസ്‌ലം(റ)വിനും ഇതുപോലൊരു അനുഭവമുണ്ട്. ബദ്റിൽ പോരാടുന്നതിനിടയിൽ അദ്ദേഹത്തിന്റെയും വാൾ പൊട്ടി. ഉടനെ തിരുനബി(സ)യുടെ അടുത്തെത്തി സങ്കടം പറഞ്ഞു. തിരുകരത്തിലപ്പോൾ ഒരു വടിയുണ്ടായിരുന്നു; ഈന്തപ്പനക്കുലയുടെ തണ്ടുകൊണ്ടുള്ള വടിയാണത്. ആ വടി സലമ(റ)യുടെ നേരെ നീട്ടി അവിടുന്ന് പറഞ്ഞു: 'നീ ഇതുകൊണ്ട് പടവെട്ടിക്കൊള്ളുക.'

സലമ(റ) അതു കൈനീട്ടി വാങ്ങി. അപ്പോഴേക്കും അത് നല്ലൊരു വാളായി മാറി. തിരുനബി(സ)യുടെ അടുത്തുനിന്നുകൊണ്ട് യുദ്ധാവസാനം വരെ അദ്ദേഹം പോരാടി.


സഫർ
സഫർ ഒരു വഴിയിലൂടെ നടന്നുപോകുമ്പോൾ രണ്ടുപേർ ഒരു വീടിനടുത്ത് പതുങ്ങി നിൽക്കുന്നതു കണ്ടു. സഫർ അവരെ തിരിച്ചറിഞ്ഞു.
അസ്സലാമു അലൈക്കും.
വ അലൈക്കു മുസ്സലാം.
എന്താ കാര്യം, നിങ്ങൾ രണ്ടുപേരുമിവിടെ?
അവിടെ എന്തോ സംഭവമുണ്ട്. അത് എന്താണെന്നറിയാനാ.
അവരെന്തോ കാര്യം പറയുകയല്ലേ, അതിൽ നിങ്ങൾക്കെന്താ?



എന്തോ രഹസ്യകാര്യമാ. ഗൂഢാലോചനയാ.
അപ്പോ നിങ്ങൾ അവരുടെ രഹസ്യം ചോർത്താൻ നിൽക്കുകയാണല്ലേ?
അവരെന്താണ് പറയുന്നതെന്നറിയാനാണ് സഫറേ.
അതേ, അതു തന്നെയല്ലേ രഹസ്യം ചോർത്തൽ?
അതിനിപ്പോ എന്താ? സഫർ നടന്നോ ഞങ്ങൾ വരാം.
നിങ്ങൾ ചെയ്യുന്നത് വലിയ തെറ്റാണ് ഇക്കമാരേ
അവര് നമ്മെക്കുറിച്ചെന്തോ പറയുന്നുണ്ടോ എന്നറിയാനല്ലേ?
ഏതായാലും മറ്റുള്ളവരുടെ സംസാരം കട്ടുകേൾക്കൽ വലിയ തെറ്റാണ്.
ഇതിലിപ്പോ എന്താ തെറ്റ്?


ഞാൻ അതിലൊരു തെറ്റും കാണുന്നില്ലെടോ.
എന്നാൽ അത് പാടില്ലാത്ത കാര്യമാണ്. മുത്തുനബി(സ) ഇക്കാര്യത്തിൽ പറഞ്ഞതെന്താണെന്നറിയ്യോ?
എന്താ പറഞ്ഞത്?
ഒരു സംഘത്തിന്റെ സംസാരം അവർ ഇഷ്ടപ്പെടാതെ കേൾക്കുന്നതും ഒളിഞ്ഞു നിന്നു കേൾക്കുന്നതും തെറ്റാണ്.
അപ്പോൾ അതിനു ശിക്ഷയുണ്ടാകുമോ?
ഉണ്ടാകും. അങ്ങനെ കേൾക്കുന്നവരുടെ ചെവിയിൽ അന്ത്യനാളിൽ ഈയ്യം ഒരുക്കിയൊഴിക്കപ്പെടും. അവർ നരകത്തിലായിരിക്കുമെന്നല്ലേ ഇതിന്റെ സൂചന?
അസ്തഗ്ഫിറുല്ലാഹ്, അറിയാതെ ചെയ്തു പോയതാ. ഇനിയിവിടെ നിൽക്കുന്നില്ല സഫറേ, ഞങ്ങളും വരുന്നു നിന്റെ കൂടെ.



ഷാക്കിർ തോട്ടിക്കൽ

# സ്വാതന്ത്ര്യം നേടിത്തന്ന സമരങ്ങൾ

**ഒന്നാം സ്വാതന്ത്ര്യസമരം**

1857 ൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണത്തിനെതിരെ ഇന്ത്യൻ സൈനികരും പ്രാദേശിക ഭരണാധികാരികളും ചേർന്ന് നടത്തിയ ആദ്യത്തെ വലിയ സായുധമുന്നേറ്റമാണ് ഒന്നാം സ്വാതന്ത്ര്യ സമരം. മംഗൾപാണ്ഡെ എന്ന പട്ടാളക്കാരനാണ് ഈ സമരത്തിന് തുടക്കമിട്ടത്. ഇന്ത്യൻ ലഹള, മഹാവിപ്ലവം, ശിപായി ലഹള എന്നീ പേരുകളിലും ഈ സമരം അറിയപ്പെടുന്നു.

**സ്വദേശി പ്രസ്ഥാനം**

1905 ലെ ബംഗാൾ വിഭജനത്തിനെതിരെ ഉയർന്നുവന്ന ഈ സമരം വിദേശ സാധനങ്ങൾ ബഹിഷ്കരിക്കാനും പകരം ഇന്ത്യൻ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാനും ആഹ്വാനം ചെയ്തു. 1905 ആഗസ്ത് 7ന് കൊൽക്കത്ത ടൗൺഹാളിലാണ് സ്വദേശീപ്രസ്ഥാനം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടത്.

**ചമ്പാരൻ സത്യഗ്രഹം**

മഹാത്മാഗാന്ധി ഇന്ത്യയിൽ നയിച്ച ആദ്യത്തെ സത്യഗ്രഹസ

മരമാണിത്. 1917 ൽ ബീഹാറിലെ ചമ്പാരനിൽ ബ്രിട്ടീഷ് ഭൂവുടമകൾ അടിച്ചേൽപ്പിച്ച 'തീൻകഥിയ സമ്പ്രദായ' പ്രകാരം നീലം കൃഷി ചെയ്യാൻ നിർബന്ധിതരായ പാവപ്പെട്ട കർഷകർക്ക് വേണ്ടിയായിരുന്നു ഈ സത്യഗ്രഹസമരം.

## ഖിലാഫത്ത് പ്രസ്ഥാനം

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം തുർക്കിയിലെ ഉസ്മാനിയ്യ ഖിലാഫത്ത് നിലനിർത്താനും സംരക്ഷിക്കാനും വേണ്ടി 1919ൽ ഇന്ത്യൻമുസ്‌ലിംകൾ ആരംഭിച്ച സമരപ്രസ്ഥാനമാണിത്. ഗാന്ധിജിയുടെ പിന്തുണ ലഭിച്ചതോടെ ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ മാതൃകാസമരമുന്നണിയായി ഖിലാഫത്ത് പ്രസ്ഥാനം മാറി.

## നിസ്സഹകരണ പ്രസ്ഥാനം

ബ്രിട്ടീഷ് ഭരണത്തോട് ഒരു തരത്തിലും സഹകരിക്കില്ലെന്ന പ്രഖ്യാപനത്തോടെ 1920 ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ രാജ്യവ്യാപക ജനകീയ സമരമാണിത്. സമരം തുടങ്ങിയതോടെ സർക്കാർ പദവികൾ ഉപേക്ഷിക്കാനും വിദ്യാലയങ്ങൾ ബഹിഷ്കരിക്കാനും ജനങ്ങൾ തയ്യാറായി.

## ബാർദോളി സത്യഗ്രഹം

1928 ൽ ഗുജറാത്തിലെ ബാർദോളിയിൽ നടന്ന ഈ സമരത്തിന് സർദാർ വല്ലഭായ് പട്ടേലാണ് നേതൃത്വം നൽകിയത്. 1925 ലെ ക്ഷാമത്തെ തുടർന്ന് വലഞ്ഞ ബാർദോളിയിലെ കർഷകർക്കു







മേൽ ബോംബെ പ്രാവിശ്യാഗവൺമെന്റ് നികുതി കൂട്ടാനൊരുങ്ങിയതായിരുന്നു സമരഹേതു.

## ഉപ്പ് സത്യഗ്രഹം

ബ്രിട്ടീഷുകാരുടെ ഉപ്പുനിയമലംഘനത്തിനെതിരെ 1930 മാർച്ച് 12 ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ സബർമതി ആശ്രമത്തിൽ നിന്ന് ഗുജറാത്തിലെ ദണ്ഡികടപ്പുറത്തേക്ക് നടത്തിയ ചരിത്രപ്രസിദ്ധമായ പദയാത്രയാണ് ഉപ്പുസത്യഗ്രഹം. ഇതോടെയാണ് നിയമലംഘന പ്രസ്ഥാനത്തിന് രാജ്യത്ത് തുടക്കമായത്.

## ക്വിറ്റ് ഇന്ത്യ സമരം

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോവുക എന്ന മുദ്രാവാക്യമുയർത്തി ഗാന്ധിജി ആരംഭിച്ച അവസാനത്തെ വലിയ ജനകീയ സമരമാണിത്. ഈ സമരത്തിനിടയിലാണ് ഗാന്ധിജി 'പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക' (Do or Die) എന്ന വിഖ്യാതമായ ആഹ്വാനം നൽകിയത്.

## മലബാർ സമരം

കേരളത്തിലെ മലബാർ മേഖലയിൽ ബ്രിട്ടീഷ് ഭരണകൂടത്തിനും ജന്മിമാർക്കുമെതിരെ 1921 ൽ ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ നടന്ന വലിയൊരു സായുധപ്രക്ഷോഭമാണിത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഭാഗമായി ആരംഭിച്ച സമരം പിന്നീട് കർഷകസമരമായി മാറി. ആലി മുസ്ലിയാർ, വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി എന്നിവരായിരുന്നു പ്രധാന നേതാക്കൾ.

## വൈക്കം സത്യഗ്രഹം

കേരളത്തിലെ സാമൂഹിക പരിഷ്കരണത്തിലും സ്വാതന്ത്ര്യ സമരത്തിലും ഒരുപോലെ പ്രാധാന്യമുള്ള സമരമാണിത്. വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുവഴികളിലൂടെ അധഃസ്ഥിത വിഭാഗങ്ങൾക്ക് സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി 1924 ലാണ് ഈ സമരം നടന്നത്.



# ഹോജ



അയൽവാസി ദേഷ്യത്തോടെ ഹോജയുടെ വീട്ടിൽ.
ഹേയ്, ഹോജാ, താങ്കളുടെ വളർത്തുനായ എന്റെ ഭാര്യയുടെ കാലിൽ കടിച്ചു. എനിക്കതിന് നഷ്ടപരിഹാരം വേണം.
അത് സാരമില്ല. നമുക്ക് പരിഹരിക്കാം.




എങ്ങനെ പരിഹരിക്കാമെന്ന്?
രണ്ടു മാർഗ്ഗങ്ങളിൽ ഒന്ന് സ്വീകരിക്കാം.
ഒന്നുകിൽ, എന്റെ ഭാര്യയെ താങ്കളുടെ വീട്ടിലേക്ക് അയയ്ക്കാം. താങ്കളുടെ നായ അവളുടെ കാലിൽ കടിക്കട്ടെ.
അല്ലെങ്കിൽ താങ്കളുടെ ഭാര്യ ഇവിടെ വന്ന് എന്റെ വളർത്തുനായയുടെ കാലിൽ കടിക്കട്ടെ. ഇതിൽ ഏതു വേണമെന്ന് താങ്കൾക്ക് തീരുമാനിക്കാം.
ങ്ഹേ?!

അജി മേലേടത്ത്

# കർഷകനും നായയും

ഗ്രാമത്തിൽ കഠിനമായ വരൾച്ചയുണ്ടായി. മഴ പെയ്യാതായതോടെ കിണറുകളും കുളങ്ങളും വറ്റി വരണ്ടു. ചെടികളെല്ലാം ഉണങ്ങിപ്പോയി. കുടിക്കാൻ പോലും ഒരു തുള്ളി വെള്ളമില്ലാതെ മനുഷ്യരും മൃഗങ്ങളും കഷ്ടപ്പെട്ടു. ഗ്രാമവാസികൾ ഓരോരുത്തരായി വീടുപേക്ഷിച്ച് വിദൂര നാടുകളിലേക്ക് താമസം മാറ്റി. ഗ്രാമത്തിലെ കൃഷിക്കാരനായിരുന്ന ദൊപ്പുവും തന്റെ വളർത്തുനായയുമായി യാത്ര പുറപ്പെട്ടു. കുറച്ച് ഭക്ഷണവും വെള്ളവും അയാൾ കൈയിൽ കരുതിയിരുന്നു. യാത്ര ദിവസങ്ങൾ നീണ്ടു. ദൊപ്പുവിന്റെ കൈവശമുള്ള ഭക്ഷണം തീരാറായി.



'ഈ ഭക്ഷണവും വെള്ള



വും എനിക്കു പോലും തികയില്ല. ഈ നായക്കു കൂടി നൽകിയാൽ വഴിയിലെവിടെയെങ്കിലും പട്ടിണികിടന്നു മരിക്കാനാവും എന്റെ വിധി. ഇവനെ ഒഴിവാക്കുക തന്നെ' എന്നു ചിന്തിച്ച് ദൊപ്പു നായയെ ആട്ടിയോടിച്ചു. പാവം നായ അല്പനേരം തലതാഴ്ത്തി നിന്നു. യജമാനനെ വിട്ടുപോകാൻ അവന് തോന്നിയില്ല. അവൻ ദൊപ്പുവിന്റെ പിന്നാലെ തന്നെ നടന്നു.

കുറെ ദൂരം കൂടി നടന്നപ്പോൾ ദൊപ്പുവിന്റെ കൈവശമുണ്ടായിരുന്ന ഭക്ഷണവും വെള്ളവും തീർന്നു. തളർന്നുപോയ അയാൾ വഴിയിൽ ബോധരഹിതനായി വീണു.

അതുകണ്ട് നായ ഓടിയെത്തി. യജമാനനെ എങ്ങനെ രക്ഷിക്കും? നായ ചുറ്റും നോക്കി. ദൂരെ ഒരു കൂട്ടം ആളുകൾ നടന്നുപോകുന്നതു കണ്ട നായ അവരെ നോക്കി ഉച്ചത്തിൽ ഓരിയിടാൻ തുടങ്ങി. ആ നിലവിളി കേട്ട് ഓടിയെത്തിയ അവർ ബോധമില്ലാതെ കിടക്കുന്ന ദൊപ്പുവിനെ കണ്ടു. മുഖത്ത് അല്പം വെള്ളം കുടഞ്ഞപ്പോൾ ദൊപ്പു കണ്ണുതുറന്നു. അവർ നൽകിയ വെള്ളവും ഭക്ഷണവും കഴിച്ചപ്പോൾ ദൊപ്പുവിന്റെ ക്ഷീണം മാറി.

'ഈ നായയുടെ നിലവിളി കേട്ടാണ് ഞങ്ങൾ ഇങ്ങോട്ടുവന്നത്. ഇവനാണ് നിങ്ങളുടെ ജീവൻ രക്ഷിച്ചത്.' അവർ പറഞ്ഞതുകേട്ട് ദൊപ്പു അമ്പരന്നു. ജീവനു ഭീഷണിയാകുമെന്നു കരുതി താൻ ആട്ടിയോടിച്ച നായയെ നോക്കിയപ്പോൾ ദൊപ്പുവിന്റെ കണ്ണുകൾ നിറഞ്ഞു.

'ഇത്രയും സ്നേഹമുള്ള ഇവനെ ആട്ടിയോടിക്കാൻ ശ്രമിച്ചത് മഹാവിഡ്ഢിത്തമായിപ്പോയി' എന്നോർത്ത് ദൊപ്പു ദുഃഖിച്ചു. പിന്നെ നായയെ കൂടെക്കൂട്ടി അവർ ഒരുമിച്ച് യാത്ര തുടർന്നു.

# കാക്കയുടെ ഉപദേശം


പരുന്തിന് ഒരു ആമയെ കിട്ടി.
ഇതിന്റെ തോട് പൊട്ടിക്കാൻ എന്താണൊരു വഴി?


അപ്പോഴാണ് ഒരു കാക്ക അതുവഴി വന്നത്.
ഹിഹി.... ആമത്തോട് പൊട്ടിക്കാൻ ഒരു വഴിയുണ്ട്.
എന്താണത്? വേഗം പറയൂ.


ഉയരത്തിൽ നിന്ന് പാറയിലെറിഞ്ഞാൽ മതി.
അതു കൊള്ളാമല്ലോ!


പരുന്ത് ആമയുമായി പറന്നുയർന്നു.
വൂഷ്!
പിന്നെ താഴേക്കിട്ടു.
എന്നാൽ, ആമ വീണത് കാക്കയുടെ കൂട്ടിൽ!
ഹിയ്യോ!
ധും!!!
ഹുയ്യോ! എന്റെ മുട്ടകൾ പൊട്ടി പ്പോയല്ലോ!
ഹാവൂ, ഒരു വിധം രക്ഷ പ്പെട്ടു!

# നബിചര്യകൾ പതിവാക്കാം

**ക്ലാ**സെടുത്തു കഴിഞ്ഞ ശേഷം ഉസ്താദ് പറഞ്ഞു: 'കൂട്ടുകാരേ, ഇന്ന് ഞായറാഴ്ചയാണല്ലോ. ആർക്കും പോകാൻ ധൃതിയില്ലല്ലോ. നിങ്ങൾക്ക് ഞാനൊരു ചർച്ചക്ക് അവസരം തരാം. മദ്റസ വിടുന്നതു വരെ ചർച്ചയാവട്ടെ.'

'എന്തിനെക്കുറിച്ചാണ് ഉസ്താദേ ചർച്ച ചെയ്യേണ്ടത്?' കുഞ്ഞുമോൻ ചോദിച്ചു.

'റബീഉൽഅവ്വലാണല്ലോ വരുന്നത്, മുത്തുനബി(സ) യെക്കുറിച്ച് തന്നെയാവാം.'

'ഞങ്ങൾക്ക് പാട്ടും പ്രസംഗവുമൊക്കെ പഠിക്കാനുണ്ട്. അതുപോരേ ഉസ്താദേ?' റിയാസിന് സംശയം.

'അതൊക്കെ നിങ്ങൾ വീട്ടിൽപോയി ഒറ്റയ്ക്കിരുന്ന് പഠിച്ചാൽ മതി. ഇപ്പോൾ ഒന്നിച്ചിരുന്ന് ഒരു ചർച്ചയാവട്ടെ, നബിചര്യയെക്കുറിച്ച്. എന്തെല്ലാം നബിചര്യകൾ നിങ്ങൾക്ക് ജീവിതത്തിൽ പകർത്താനാവുമെന്ന്. ഓരോ നബിദിനം കടന്നു പോകുമ്പോഴും കുറെ സുന്നത്തുകൾ ജീവിതത്തിൽ പകർത്താൻ ശ്രമിക്കണം. എന്താ?'

'അത് നല്ലതാ ഉസ്താദേ. എന്നാലേ നമ്മൾക്ക് സുന്നത്തുകളെക്കുറിച്ച് ശരിക്കും ബോധമുണ്ടാകൂ.' ഫിദ അഭിപ്രായപ്പെട്ടു.

'ശരി. നമ്മൾക്ക് പ്രഭാതത്തിൽ നിന്ന് തുടങ്ങാം. ഞാനെന്നും എഴുന്നേറ്റയുടനെ അൽഹംദുലില്ലാഹില്ലദീ... എന്നു തുടങ്ങുന്ന ദിക്റ് ചൊല്ലും. ഈ ദിക്ർ നിങ്ങളും പഠിച്ചതാണല്ലോ. ഇനി അതൊരു ശീലമാക്കണം. ഇനി ബാക്കി സുന്നത്തുകൾ ഓരോരുത്തരായി പറഞ്ഞോളൂ.'

'ഞാൻ എഴുന്നേറ്റയുടനെ

രണ്ടു കൈയും നന്നായി കഴുകും.' കുഞ്ഞുമോൻ പറഞ്ഞു.

അപ്പോൾ നസീമക്ക് സംശയം: 'ഉസ്താദേ, അതും സുന്നത്താണോ?'

'അതേ. മുത്തുനബി(സ) പറഞ്ഞിട്ടുണ്ട്; നിങ്ങൾ എഴുന്നേറ്റയുടനെ രണ്ടു കൈയും കഴുകണം. രാത്രിയിൽ ആ കൈകൾ എവിടെയെല്ലാമാണ് ഉറങ്ങിയതെന്ന് നിങ്ങൾക്കറിയില്ലല്ലോ.'

'ബാത്റൂമിലേക്ക് കടക്കുമ്പോൾ ഞാൻ ഇടതുകാലാണ് ആദ്യം വെക്കുക.'

അങ്ങനെ പറഞ്ഞയുടനെ ശാഫി വിളിച്ചുപറഞ്ഞു: 'പുറത്തുകടക്കുമ്പോൾ ഞാൻ വലതുകാലാണ് ആദ്യം വെക്കുക.'

'അകത്തു കടക്കുമ്പോൾ



ഞാൻ അഊദു ബില്ലാഹി മിനൽ... എന്ന ദിക്ർ ചൊല്ലും.' ഫിദ പറഞ്ഞു.

'ശുദ്ധീകരിച്ചയുടനെ ഞാൻ ഗുഫ്റാനക അൽഹംദു.... എന്ന ദിക്റ് ചൊല്ലും.' ഹലീമ പറഞ്ഞു.

'ഞാൻ ഉടനെ വുളൂഅ് ചെയ്യും. വുളൂഇൽ ധാരാളം സുന്നത്തുകളുണ്ടല്ലോ, അഊദുവും ബിസ്മിയും കൊണ്ടു തുടങ്ങി.'

നജാത്ത് വിശദമാക്കാൻ തുടങ്ങിയപ്പോൾ ഉസ്താദ് ഇടപെട്ടു: 'അതേ. ഒരു പാട് സുന്നത്തുകളുണ്ട്. അതൊക്കെ ഉൾക്കൊള്ളുന്ന പൂർണമായ വുളൂഇനെക്കുറിച്ച് നമ്മൾ പഠിച്ചിട്ടുണ്ടല്ലോ. അതും ശീലമാക്കണം. ഇനി മറ്റു സുന്നത്തുകളിലേക്ക് കടക്കാം.'

'ഞാൻ ഭക്ഷണം കഴിക്കുമ്പോൾ ബിസ്മി ചൊല്ലും.'

'ഞാൻ വലതു കൈകൊണ്ടേ കഴിക്കൂ.' നജ്മക്കു പിന്നാലെ ഹാസിം പറഞ്ഞു.

'കഴിച്ചുകഴിഞ്ഞാൽ ഞാൻ അൽഹംദുലില്ലാഹ് എന്ന് അല്ലാഹുവിനെ സ്തുതിക്കും.'

'അതിനുശേഷം ഒരു ദുആ കൂടിയുണ്ടല്ലോ, നമ്മൾ പഠിച്ചതല്ലേ?' കുഞ്ഞുമോൻ ഓർമിപ്പിച്ചു.

'ഓ അതിപ്പോ കാണാതെ ചൊല്ലാനറിയില്ല, മറന്നുപോയി.' ഹാസിം വിഷമത്തോടെ പറഞ്ഞു.

'ഇത്തരം ദിക്റുകൾ പതിവായി ചൊല്ലേണ്ടതാണ് മക്കളേ. കുറച്ചുദിവസം പതിവായി ചൊല്ലിയാൽ പിന്നെ മറന്നുപോവില്ല. ഓരോ സന്ദർഭത്തിലും അറിയാതെ നാക്കിൻതുമ്പിലെത്തും.'

ഉസ്താദിന്റെ ഗൗരവസ്വരത്തിലുള്ള വാക്കുകൾ കേട്ടപ്പോൾ ഹാസിം പറഞ്ഞു: 'ഇന്നുതന്നെ ഞാനത് മനപ്പാഠമാക്കും. പിന്നെ മറക്കില്ല ഉസ്താദേ.'

'ഇൻശാഅല്ലാഹ് എന്നു കൂടി പറയണം മോനേ. അതും ഒരു സുന്നത്താണ്. ശരി, ഇനിയുമുണ്ടല്ലോ പതിവാക്കേണ്ട പല സുന്നത്തുകളും. ഓരോരുത്തരായി പറഞ്ഞോട്ടെ.'

'മുസ്ലിം സഹോദരന്മാരെ കാണുമ്പോൾ ഞാൻ അസ്സലാമുഅലൈക്കും എന്ന് സലാം ചൊല്ലും. അവർ സലാം ചൊല്ലിയാൽ ഞാൻ വ അലൈക്കുമുസ്സലാം എന്ന് സലാം മടക്കും.' ജുനൈദ് പറഞ്ഞു.

'ഞാൻ കുടുംബക്കാരെയെല്ലാം ഇടയ്ക്കിടെ സന്ദർശിക്കും.'

യങ്ങൾ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കും.'

'ഉറങ്ങാൻ കിടക്കുമ്പോൾ ഞാൻ വലതുവശത്തേക്ക് ചരിഞ്ഞാണ് കിടക്കുക.'

'അപ്പോൾ ചൊല്ലേണ്ട ദിക്റുകൾ ഞാൻ പതിവായി ചൊല്ലും.'

'എല്ലാ നല്ല കാര്യത്തിലും ഞാൻ വലതിനു മുൻഗണന നൽകും.'

'എല്ലാ നല്ല കാര്യങ്ങൾ ചെയ്യുമ്പോഴും ഞാൻ ബിസ്മി ചൊല്ലും.'

'ഞാൻ മാതാപിതാക്കൾക്കു വേണ്ടി റബ്ബിർഹംഹുമാ... എന്നു തുടങ്ങുന്ന പ്രാർത്ഥന പതിവാക്കും.'



'ഞാൻ നാട്ടിലെയും കുടുംബത്തിലെയും രോഗികളെ സന്ദർശിക്കും.'

'ഞാൻ വലിയവരെ ആദരിക്കും, ചെറിയവരോട് കരുണയോടെ പെരുമാറും.'

'ഞാൻ കഴിയുന്ന സഹാ

'ഞാൻ കഴിയുന്നത്ര ദാനം ചെയ്യും.'

'ഞാനിനി എല്ലാവരോടും നല്ല വാക്കുകളേ പറയൂ.'

'ഞാൻ എല്ലാവരെയും

## കായികദിനം

'ഹോക്കിയുടെ മാന്ത്രികൻ' എന്നറിയപ്പെട്ട ഇന്ത്യൻ ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന്റെ ജന്മദിനമായ ഓഗസ്റ്റ് 29 ഇന്ത്യയിൽ ദേശീയകായികദിനമായി ആചരിക്കുന്നു. അദ്ദേഹം ഇന്ത്യയ്ക്കുവേണ്ടി ഒളിമ്പിക്സിൽ മൂന്ന് സ്വർണ്ണ മെഡലുകൾ നേടിയിട്ടുണ്ട്.

പുഞ്ചിരിയോടെയാണ് സ്വീകരിക്കുക.'

കുട്ടികൾ ഓരോരുത്തരായി തിരുനബി(സ)യുടെ ചര്യകൾ ഓരോന്നായി പറഞ്ഞുകൊണ്ടിരുന്നു. കുട്ടികൾ പഠിച്ച കാര്യങ്ങൾ ഇങ്ങനെ ഓർമ്മിച്ചു പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഉസ്താദ് സന്തോഷത്തോടെ പറഞ്ഞു: 'മതി മക്കളേ, ഇപ്പോൾ ഇത്രയും മതി. ഇപ്പോ എത്ര സുന്നത്തുകളാണ് നാം ഇവിടെ പറഞ്ഞത്?'

'അത് എണ്ണിയിട്ടില്ലല്ലോ ഉസ്താദേ.' ഫിദ പറഞ്ഞു.

'എന്നാൽ അടുത്ത ഞായറാഴ്ചയാകുമ്പോഴേക്കും ഇവിടെ പറഞ്ഞ നബിചര്യകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കണം. ആരാണത് തയ്യാറാക്കുക?'

കുഞ്ഞുമോനാണ് സാധാരണ ഇത്തരം കാര്യങ്ങൾ പെട്ടെന്ന് ഏറ്റെടുക്കാറ്. എന്നാൽ, കുഞ്ഞുമോൻ എഴുന്നേൽക്കുന്നതിനു മുമ്പ് ഫിദ ചാടിയെണീറ്റു പറഞ്ഞു: 'ഞാൻ തയ്യാറാക്കാം ഉസ്താദേ.'

'ശരി, ഫിദ ആ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടുവരും. ഇത്തവണ മുജ്തബയെ തോൽപ്പിച്ചു കളഞ്ഞല്ലോ ഫിദ. എന്താ മുജ്തബക്ക് വിഷമമായോ?'

'എനിക്ക് വിഷമമൊന്നുമില്ല ഉസ്താദേ, സന്തോഷമേയുള്ളൂ. അവരൊക്കെ ഇങ്ങനെ മുന്നോട്ടു വരട്ടെ.'

'അപ്പോ ഈ കൊല്ലത്തെ നബിദിനാഘോഷം നമ്മൾ ഗംഭീരമാക്കണം കേട്ടോ. നബിദിനം കഴിയുമ്പോഴേക്കും കുറെ നബിചര്യകൾ നമ്മുടെ ജീവിതത്തിൽ പതിവായിത്തീരണം. പിന്നെ, മക്കളേ, ഒരു കാര്യം ഓർക്കണേ. നമ്മൾ ഇത്തരം കാര്യങ്ങൾ പതിവായി ചെയ്യുന്നവരായിരിക്കും. എന്നാലും മുത്തുനബി(സ)യുടെ സുന്നത്താണെന്ന ഉദ്ദേശ്യത്തോടെ ചെയ്താലേ സുന്നത്തിന്റെ പ്രതിഫലം കിട്ടുകയുള്ളൂ എന്ന കാര്യം മറക്കരുത്.'

# നക്ഷത്രങ്ങളുടെ തിളക്കം

**നക്ഷത്രങ്ങൾ യഥാർത്ഥത്തിൽ മിന്നിത്തിളങ്ങുന്നുണ്ടോ, അതോ ചില നക്ഷത്രങ്ങൾ തിളങ്ങുന്നതായി നമുക്ക് തോന്നുന്നതാണോ?**

നക്ഷത്രങ്ങൾ യഥാർത്ഥത്തിൽ മിന്നിത്തിളങ്ങുന്നില്ല, അവ ഒരേ അളവിൽ സ്ഥിരമായി പ്രകാശം പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. എന്നാൽ കോടിക്കണക്കിന് കിലോമീറ്റർ അകലെയുള്ള ഈ നക്ഷത്രങ്ങളിൽ നിന്നുള്ള പ്രകാശം ഒരു ചെറിയ ബിന്ദുവായി ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് കടന്നുവരുമ്പോൾ, അന്തരീക്ഷവായുവിന്റെ നിരന്തരമായ ചലനങ്ങളും താപനിലയിലെ വ്യത്യാസങ്ങളും കാരണം ആ പ്രകാശരശ്മികൾക്ക് പല ദിശകളിലേക്ക് അപവർത്തനം






(Refraction) സംഭവിക്കുന്നു. നിമിഷങ്ങൾക്കകം പ്രകാശരശ്മികൾ ഇങ്ങനെ വളഞ്ഞു സഞ്ചരിക്കുന്നതുകൊണ്ടാണ് നമ്മുടെ കണ്ണുകളിലേക്കെത്തുമ്പോൾ നക്ഷത്രങ്ങൾ മിന്നുന്നതായി നമുക്ക് തോന്നുന്നത്.

എന്നാൽ, ചൊവ്വ, ശുക്രൻ തുടങ്ങിയ ഗ്രഹങ്ങൾ ഭൂമിയോട് വളരെ അടുത്തായതിനാൽ വലിയൊരു പ്രകാശസ്രോതസ്സായിട്ടാണ് അവ ദൃശ്യമാവുക. അന്തരീക്ഷം കാരണം ഗ്രഹങ്ങളിൽ നിന്നുള്ള ചില പ്രകാശരശ്മികൾക്ക് വ്യതിയാനം സംഭവിച്ചാലും, മറ്റു രശ്മികൾ അതിനെ പരിഹരിക്കുന്നതുകൊണ്ട് ഗ്രഹങ്ങൾ നക്ഷത്രങ്ങളെപ്പോലെ മിന്നാതെ എപ്പോഴും സ്ഥിരമായി പ്രകാശിക്കുന്നു. ഭൂമിയുടെ അന്തരീക്ഷത്തിനു പുറത്തുള്ള ശൂന്യാകാശത്തു നിന്ന് നോക്കിയാൽ നക്ഷത്രങ്ങൾ ഒട്ടും മിന്നാതെ ശാന്തമായി പ്രകാശിക്കുന്നതു കാണാം.

മീലാദുന്നബി സ്പെഷ്യൽ

# മീലാദ് ക്വിസ്

1. ശാഇറു റസൂലില്ലാഹ് അഥവാ, നബി(സ)യുടെ കവി എന്ന പേരിലറിയപ്പെട്ട സ്വഹാബി?

2. സുവൈബതുൽ അസ്‌ലമിയ്യ ആരുടെ അടിമസ്ത്രീയായിരുന്നു?

3. തിരുനബി(സ)യുടെ മാതാവ് ആമിനബീവി(റ) എവിടെ വെച്ചാണ് മരണപ്പെട്ടത്?

4. മാതാവ് മരണപ്പെടുമ്പോൾ നബി(സ)യുടെ പ്രായം എത്രയായിരുന്നു?

5. മാതാവിന്റെ മരണശേഷം നബി(സ)യുടെ സംരക്ഷണം ഏറ്റെടുത്തതാര്?

6. നബി(സ)യുടെ പിതാവ് അബ്ദുല്ല(റ)വിന്റെയും പിതൃവ്യൻ അബൂത്വാലിബിന്റെയും മാതാവാര്?

7. തിരുനബി(സ)ക്ക് നുബുവ്വത് ലഭിച്ചത് എത്രാമത്തെ വയസ്സിലായിരുന്നു?

8. തിരുനബി(സ)യെ പരമ്പര മുറിഞ്ഞവനെന്നു വിളിച്ചയാളെ ഖുർആൻ ആക്ഷേപിച്ചു. ആരായിരുന്നു അത്?

9. നബി(സ)യുടെ സന്താനങ്ങളിൽ ആദ്യം ജനിച്ചതാര്?

10. ജന്നത്തുൽബഖീഇൽ ആദ്യം മറവു ചെയ്യപ്പെട്ട വ്യക്തി?

11. ഖസ്വീദതുൽ ബുർദയുടെ യഥാർത്ഥ പേര്?

12. ഇമാം ബുസ്വീരിയുടെ മഖ്ബറ സ്ഥിതിചെയ്യുന്നതെവിടെ?

13. 'അമീറുശ്ശുഅറാഅ്' എന്ന അപരനാമത്തിലറിയപ്പെടുന്നതാര്?

14. തിരുനബി(സ)യെ പ്രകീർ



ത്തിച്ച് അറബിഭാഷയിലെ പുള്ളിയില്ലാത്ത അക്ഷരങ്ങൾ മാത്രം ഉപയോഗിച്ച് കവിത രചിച്ച മലയാളി ആര്?

15. തിരുനബി(സ)യുടെ മോതിരത്തിൽ മുദ്ര ചെയ്തിരുന്നത് എന്തായിരുന്നു?

16. തിരുനബി(സ)യുടെ മോതിരം നഷ്ടപ്പെട്ടത് കിണറിന്റെ പേര്?

17. കുട്ടികളിൽ നിന്ന് ആദ്യം ഇസ്‌ലാം സ്വീകരിച്ചതാര്?

18. നബി(സ)യുടെ പിതാമഹൻ അബ്ദുൽമുത്വലിബിന്റെ യഥാർത്ഥ പേരെന്ത്?

19. ഹിറാ ഗുഹ ഏതു പർവ്വതത്തിലാണ് സ്ഥിതി ചെയ്യുന്നത്?



20. മുലകുടി ബന്ധത്തിലൂടെ സഹോദരൻ കൂടിയായിരുന്ന നബി(സ)യുടെ പിതൃവ്യൻ ആരായിരുന്നു?

## ഉത്തരങ്ങൾ

1. ഹസ്സാനുബ്നു സാബിത്(റ)
2. നബി(സ)യുടെ പിതൃവ്യൻ അബൂലഹബിന്റെ
3. മക്കയുടെയും മദീനയുടെയും ഇടയിലുള്ള അബവാഅ് എന്ന സ്ഥലത്തു വെച്ച്
4. ആറു വയസ്സ്
5. പിതാമഹൻ അബ്ദുൽമുത്വലിബ്
6. ഫാത്വിമ ബിൻത് അംറ് അൽമഖ്സൂമിയ്യ
7. 40
8. ആസ്വുബ്നു വാഇൽ
9. ഖാസിം(റ)
10. ഉസ്മാനുബ്നു മള്ഊൻ(റ)
11. അൽകവാകിബുദ്ദുർരിയ്യ ഫീ മദ്ഹി ഖൈരിൽബരിയ്യ
12. ഈജിപ്തിലെ അലക്സാണ്ട്രിയയിൽ
13. അല്ലാമാ അഹ്മദ് ശൗഖി
14. ഉമറുൽ ഖാളി വെളിയങ്കോട്
15. മുഹമ്മദുർറസൂലുല്ലാഹി
16. ബിഅ്റു അരീസ്
17. അലി(റ)
18. ശൈബത്
19. ജബലുന്നൂർ
20. ഹംസ(റ)




# നബിദിന പ്രസംഗം

**അ**സ്സലാമു അലൈക്കും,

ബഹുമാനപ്പെട്ട ഉസ്താദുമാരേ, പ്രിയപ്പെട്ട രക്ഷിതാക്കളേ, സ്നേഹം നിറഞ്ഞ കൂട്ടുകാരേ,

ചുട്ടുപൊള്ളുന്ന അറേബ്യയുടെ മരുഭൂമിയിലേക്ക് വസന്തത്തിന്റെ കുളിർമഴയായി കടന്നുവന്ന, കാരുണ്യത്തിന്റെ ദൂതർ മുഹമ്മദ് മുസ്തഫാ(സ) തങ്ങളുടെ ജന്മം കൊണ്ടനുഗൃഹീതമായ റബീഉൽഅവ്വൽ മാസത്തിലാണല്ലോ നാം ഒത്തുകൂടിയിരിക്കുന്നത്. ഈ സുദിനത്തിൽ തിരുനബി(സ)യെക്കുറിച്ചും അവിടുത്തെ അധ്യാപനങ്ങളെക്കുറിച്ചും സംസാരിക്കാൻ അവസരം ലഭിച്ചതിൽ അല്ലാഹുവിന് ആയിരമായിരം സ്തുതികൾ, അൽഹംദുലില്ലാഹ്.

പ്രിയപ്പെട്ട കൂട്ടുകാരേ, വലിയൊരു അത്ഭുതലോകത്താണ് നാമിന്ന് ജീവിക്കുന്നത്. നമ്മുടെ കൈകളിൽ സ്മാർട്ട്ഫോണുകളുണ്ട്, കമ്പ്യൂട്ടറുകളുണ്ട്, മറ്റനേകം സാങ്കേതികവിദ്യകളുണ്ട്. പുരോഗതിയുടെ പുതിയ കാലത്ത് നമ്മൾ തിരുനബി(സ)യുടെ സന്ദേശങ്ങൾക്ക് പ്രധാന്യമേറെയാണ്.

നമ്മുടെ വാട്സാപ്പ് ചാറ്റുകളിലും സോഷ്യൽമീഡിയകളിലും സ്നേഹവും ബഹുമാനവും കുറഞ്ഞുപോകുന്ന ഈ കാലത്ത്, മറ്റുള്ളവരോട് എങ്ങനെ പെരുമാറണമെന്ന് തിരുദൂതർ(സ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. മുത്തുനബി(സ) പറഞ്ഞു: ‘നിങ്ങളിൽ ഏറ്റവും നല്ലവർ ഉത്തമസ്വഭാവത്തിന്റെ ഉടമകളാണ്.’ കൈയിലുള്ള സമ്പത്തോ, വിലപിടിപ്പുള്ള ഉപകരണങ്ങളോ അല്ല നമ്മുടെ മൂല്യം നിർണയിക്കുന്നത്. നമ്മുടെ സ്വഭാവമഹിമയിലാണ് കാര്യം. പരലോകത്ത് മീസാനിൽ ഏറ്റവും ഭാരമേറിയ പുണ്യകർമ്മമായി നബി(സ) പരിചയപ്പെടുത്തിയത് സൽസ്വഭാവമാണല്ലോ.

ഇന്റർനെറ്റിന്റെ ലോകത്ത്



പറഞ്ഞുതന്നിട്ടുണ്ട്. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ മറ്റുള്ളവരെ ഒരുവിധത്തിലും ഉപദ്രവിക്കാത്തവനാണ് ഉത്തമവിശ്വാസിയെന്നാണ് തിരുമൊഴി. നമുക്ക് ലഭിക്കുന്ന സന്ദേശങ്ങളും വാർത്തകളും സത്യമാണോ അസത്യമാണോ എന്നാലോചിക്കാതെ മറ്റുള്ളവർക്ക് ഷെയർ ചെയ്യുന്നതു തന്നെ വലിയ കുറ്റകൃത്യമായിത്തീരാൻ ഇടയുണ്ട്.

സാങ്കേതിക വിദ്യയെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാനും, നല്ല സ്വഭാവമുള്ളവരായി ജീവിക്കാനും മുത്തുനബി(സ) യോടൊപ്പം നാളെ സ്വർഗത്തിൽ ഒരുമിച്ചുകൂടാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ എന്ന പ്രാർത്ഥനയോടെ ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കട്ടെ,

അസ്സലാമുഅലൈക്കും

വ്യാജവാർത്തകളും അസത്യപ്രചാരണങ്ങളും വളരെ കൂടുതലാണ്. നമ്മുടെ വിരൽതുമ്പിന്റെ ചെറുചലനങ്ങൾ മതി, ലോകം മുഴുവൻ അസത്യം പ്രചരിപ്പിക്കാൻ. സോഷ്യൽമീഡിയ ഉപയോഗിക്കുമ്പോഴും ഒരു യഥാർത്ഥ വിശ്വാസി എങ്ങനെയായിരിക്കണമെന്ന് നൂറ്റാണ്ടുകൾക്ക് മുമ്പേ തിരുനബി(സ)

ചൊല്ലുകുടം

തലയിൽ ചൊറിച്ചിൽ ഉണ്ടാകുമ്പോൾ തീക്കൊള്ളികൊണ്ട് ചൊറിഞ്ഞാലോ? ചൊറിച്ചിൽ മാറില്ല; തലയിൽ പൊള്ളലേൽക്കുകയും ചെയ്യും. നമുക്ക് പല ആവശ്യങ്ങളുമുണ്ടാകും നിറവേറിക്കിട്ടാൻ. അതിന് കൊള്ളരുതാത്തവരുടെയും അപകടകാരികളുടെയും സഹായം തേടിയാൽ തൽക്കാലം കാര്യം നേടിയേക്കാം. പിന്നീടത് അപകടകരമായേക്കും. എന്തുകാര്യം ചെയ്യുമ്പോഴും നന്നായി ആലോചിക്കണം. നാനാവശവും ചിന്തിക്കണം. അല്ലെങ്കിൽ കുഴപ്പമായേക്കും. നല്ലവരെയാണ് സഹായത്തിനു വിളിക്കേണ്ടത്. ദുഷ്ടന്മാരുടെ സഹായം തേടിയാൽ പിന്നെ അവർ നമ്മെ പല കുഴപ്പത്തിലും അകപ്പെടുത്തിയേക്കും.

### പണത്തിനു മീതെ പരുന്തും പറക്കില്ല

വളരെ ഉയരത്തിൽ പറക്കുന്ന പരുന്തിനും പണത്തിനു മേലെ പറക്കാൻ കഴിയില്ല എന്നാണ് ഈ ചൊല്ലിന്റെ വാച്യാർത്ഥം. അങ്ങനെയുണ്ടോ? പണത്തിനു മീതെ പറക്കുന്നതിനു പരുന്തിനെന്താ തടസ്സം? നിങ്ങൾ ഇങ്ങനെയൊക്കെ ചോദിച്ചേക്കാം. എന്നാൽ, വാച്യാർത്ഥത്തിന് ഈ പഴഞ്ചൊല്ലിൽ സ്ഥാനമില്ല; വ്യംഗ്യാർത്ഥത്തിനാണു



പ്രാധാന്യം. അതായത് അത് സൂചിപ്പിക്കുന്ന മറ്റൊരർത്ഥത്തിന്. അതെന്താണെന്നോ?

പണമാണ് ഇന്ന് മനുഷ്യന് ഏറ്റവും വലുത്. പണം കൊണ്ടു നേടാൻ കഴിയാത്തത് ഒന്നുമില്ലെന്നാണ് പലരുടെയും വിചാരം. പണമെറിഞ്ഞ് പലരും അധികാരവും സ്ഥാനമാനങ്ങളും മാന്യതയുമൊക്കെ നേടിയെടുക്കുന്നത് നാമിന്ന് കാണുന്നുണ്ടല്ലോ. എല്ലാറ്റിനെയും നിയന്ത്രിക്കുന്നത് പണമായി മാറിയിരിക്കുന്നു എന്ന് ചുരുക്കം. ഈ അവസ്ഥയെ സൂചിപ്പിക്കുന്നതാണ് ഈ പഴഞ്ചൊല്ല്. കൈക്കൂലി കൊടുത്തും മറ്റും കള്ളന്മാരും കൊലയാളികളും രക്ഷപ്പെടുന്നതും പലരും വലിയ വലിയ പദവിയിലെത്തുന്നതും കാണുമ്പോൾ ആരും പറഞ്ഞു പോകും; പണത്തിനു മേലെ പരുന്തും പറക്കില്ല. പണത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന വേറെയും പഴഞ്ചൊല്ലുകളുണ്ട്.



## പണം എന്നു കേട്ടാൽ പിണവും വായ് പിളർക്കും

പണത്തോടുള്ള പ്രണയം മനുഷ്യസഹജമാണ്. നാലു കാശ് കിട്ടുമെന്നു കണ്ടാൽ ഏതു നെറികേടും ചെയ്യാൻ മടിക്കാത്തവർ കുറയും. അറ്റമില്ലാത്ത മോഹമാണ് മനുഷ്യർക്ക് പണത്തോട്. ഒന്ന് കിട്ടിയാൽ അത് പത്താവാനും പത്തു കിട്ടിയാൽ നൂറാവാനും നൂറ് കിട്ടിയാൽ ആയിരമാകാനും ആയിരം പതിനായിരമാകാനും... ഇങ്ങനെ ഓരോരുത്തരും അവരുടെ അവസ്ഥയിൽ മോഹിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരുടെ അറ്റം ഇല്ലാത്ത ഈ പണമോഹമാണ് ഈ പഴഞ്ചൊല്ല് സൂചിപ്പിക്കുന്നത്.

# വഴിയിലെ കോടാലി



രണ്ടുപേർ കാട്ടിലൂടെ നടക്കുമ്പോൾ,
ഒരു കോടാലിയല്ലേ ആ കിടക്കുന്നത്? നമുക്കത് എടുത്താലോ?
എന്തിന്? നമുക്കതുകൊണ്ട് എന്തു കാര്യം? അതെടുക്കേണ്ട.




അവർ കോടാലിയെടുക്കാതെ നടത്തം തുടർന്നു. വഴിയിൽ രാജഭടന്മാർ അവരെ തടഞ്ഞു.
ഒരു കോടാലിയുമായി ആരെങ്കിലും ഇതുവഴി പോകുന്നതു കണ്ടോ?




ഇല്ലല്ലോ, പ്രത്യേകിച്ച് വല്ലതും?
ഇതുവഴി ഒരാൾ കോടാലിയുമായി യാത്രക്കാരെ ആക്രമിക്കുന്നുണ്ടെന്ന് രഹസ്യവിവരം ലഭിച്ചിട്ടുണ്ട്. സൂക്ഷിച്ചു പോകണേ.




ഇരുവരും നടത്തം തുടർന്നു.
ആ കോടാലി എടുക്കാതിരുന്നത് ഭാഗ്യം! നമ്മെ ഭടന്മാർ പിടിച്ചേനെ.
ആവശ്യമില്ലാത്തത് സ്വന്തമാക്കാൻ ശ്രമിക്കുന്നത് അപകടമാണ്.

സാദാത്ത് പുളിക്കൽ

**തി**രുനബി(സ) മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ പുറപ്പെട്ട സമയം. തിരുനബി(സ)യെ പിടിച്ചേൽപ്പിക്കുന്നവർക്ക് ഖുറൈശികൾ നൂറ് ഒട്ടകങ്ങൾ സമ്മാനം പ്രഖ്യാപിച്ചു. അറബികളിലെ സമർത്ഥനായ കുതിരപ്പടയാളിയായിരുന്ന സുറാഖതുബ്നുമാലിക് ആ വലിയ സമ്മാനം സ്വന്തമാക്കണമെന്ന മോഹത്തോടെ യാത്ര തിരിച്ചു.

# സ്വർണ വളകൾ

വൈകിയില്ല, തിരുനബി(സ)യും അബൂബക്ർ സിദ്ദീഖ്(റ)വും ദൂരെ ഒട്ടകപ്പുറത്ത് സഞ്ചരിക്കുന്നത് കണ്ട സുറാഖ കുതിരയുടെ വേഗത കൂട്ടി. അവരുടെ അടുത്തെത്തിയതും സുറാഖയുടെ കുതിരയുടെ കാലുകൾ മണ്ണിലാഴ്ന്നുപോയി. എത്ര ശ്രമിച്ചിട്ടും കുതിരക്ക് കാൽ പുറത്തെടുക്കാൻ കഴിഞ്ഞില്ല. തിരുനബി(സ)ക്ക് അല്ലാഹുവിന്റെ പ്രത്യേക സംരക്ഷണമുണ്ടെന്ന് സുറാഖക്ക് മനസ്സിലായി.




സുറാഖ തിരുനബി(സ)യോട് മാപ്പപേക്ഷിച്ചു. തിരുനബി(സ) അദ്ദേഹത്തിന് അഭയം നൽകുകയും പ്രാർത്ഥിക്കുകയും ചെയ്തതോടെ കുതിര കാലുകൾ പുറത്തെടുത്തു. അപ്പോൾ സുറാഖ പറഞ്ഞു: 'അങ്ങെനിക്കൊരു അഭയപത്രം എഴുതിത്തരണം.' സുറാഖക്ക് ഒരു അഭയപത്രം എഴുതി നൽകാൻ തിരുനബി(സ) കൽപ്പിച്ചു. ശേഷം സുറാഖക്ക് വലിയൊരു സന്തോഷ വാർത്ത കൂടി നൽകി: 'സുറാഖാ, കിസ്റായുടെ സ്വർണ്ണവളകൾ നീ കൈകളിലണിയുന്ന ദിനം ഒന്നാലോചിച്ചു നോക്കൂ...!'

വർഷങ്ങൾ കടന്നുപോയി. സുറാഖ ഇസ്ലാം സ്വീകരിച്ചു. പിന്നീട്, മുസ്ലിംകൾ പേർഷ്യ കീഴടക്കിയ യുദ്ധത്തിൽ സുറാഖയും പങ്കെടുത്തു. പേർഷ്യൻ രാജാവിന്റെ സ്വർണ്ണവളകൾ യുദ്ധമുതലായി മദീനയിലെത്തിച്ചേർന്നു. ഖലീഫയായിരുന്ന ഉമർ(റ) ആ വളകൾ സുറാഖക്ക് സമ്മാനിച്ചു! വർഷങ്ങൾക്കു മുമ്പ് തിരുനബി(സ) നൽകിയ ആ വാക്ക് അക്ഷരംപ്രതി പുലർന്നു.

മുഹമ്മദ് നാസിം വെണ്ണല

**പ**ട്ടണത്തിൽ ഒരു ധനികനുണ്ടായിരുന്നു. അളവറ്റ സമ്പത്തും ഭൂസ്വത്തും കൊട്ടാരസമാനമായ വീടും വിലപിടിപ്പുള്ള വസ്ത്രങ്ങളും വാഹനങ്ങളുമെല്ലാം ഉണ്ടായിട്ടും അയാളുടെ മനസ്സ് അസംതൃപ്തമായിരുന്നു. മനഃസമാധാനം തേടി അയാൾ പലരെയും സന്ദർശിച്ചു. ഒടുവിൽ, മലമുകളിൽ താമസിക്കുന്ന ഒരു ജ്ഞാനിയെക്കുറിച്ച് കേട്ടു. അദ്ദേഹത്തെ സന്ദർശിച്ചാൽ തന്റെ മനസ്സിന് സമാധാനം ലഭി

# കാഴ്ചപ്പാടിന്റെ മാറ്റം

ക്കുമെന്നു കരുതി ധനികൻ മലമുകളിലെത്തി.  ജ്ഞാനിയോട് പറഞ്ഞു: 'ഗുരോ, എന്റെ പക്കൽ എല്ലാമുണ്ട്, പക്ഷേ ജീവിതത്തിൽ എനിക്ക് യാതൊരു സമാധാനവുമില്ല. ജീവിതത്തിന് ഒരർത്ഥവും കണ്ടെത്താൻ കഴിയുന്നില്ല. ജീവിതം സന്തോഷകരമാകാൻ എനിക്കൊരു വഴി പറഞ്ഞുതരൂ.'

ജ്ഞാനി ഒന്നു പുഞ്ചിരിച്ചു.






ശേഷം ധനികനെ അടുത്തുള്ള ഒരു തടാകക്കരയിലേക്ക് കൊണ്ടുപോയി. ഗുരു ഒരു ഗ്ലാസിൽ വെള്ളമെടുത്ത് അതിൽ ഒരു പിടി ഉപ്പിട്ടു. അത് കുടിക്കാൻ ധനികനോടാവശ്യപ്പെട്ടു.

ആ വെള്ളം വായിലാക്കിയ ധനികൻ മുഖം ചുളിച്ചുകൊണ്ട് പറഞ്ഞു: 'ഹിയ്യോ, ഉപ്പുരുചികൊണ്ട് എന്റെ വായ കേടായിപ്പോയല്ലോ. ഇത് കുടിക്കാൻ കൊള്ളില്ല.'

അപ്പോൾ ജ്ഞാനി ഒരു പിടി ഉപ്പ് വാരി തടാകത്തിലേക്കെറിഞ്ഞു. എന്നിട്ട് ധനികനോട് പറഞ്ഞു: 'ഇനി ഈ തടാകത്തിലെ വെള്ളമൊന്ന് കുടിച്ചു നോക്കൂ.'

ധനികൻ തടാകത്തിലെ വെള്ളം കുടിച്ചു. 'കൊള്ളാം, നല്ല ശുദ്ധമായ വെള്ളം, മധുരിക്കുന്ന പോലെ!' അദ്ദേഹം പറഞ്ഞു.

ജ്ഞാനി ധനികന്റെ തോളിൽ കൈവെച്ച് പതുക്കെ പറഞ്ഞു: 'മകനേ, ജീവിതത്തിലെ വേദനകളും സങ്കടങ്ങളും ഈ ഉപ്പ് പോലെയാണ്. അത് എല്ലാവരുടെയും ജീവിതത്തിൽ ഒരുപോലെയുണ്ടാകും. നമ്മുടെ മനസ്സ് ചെറിയൊരു ഗ്ലാസ്സ് പോലെയാണെങ്കിൽ ആ സങ്കടം കയ്പ്പുള്ളതായി അനുഭവപ്പെടും. മനസ്സ് ഈ തടാകം പോലെ വിശാലമാണെങ്കിലോ, എത്ര വലിയ സങ്കടവും നമ്മെ ബാധിക്കില്ല.'

ധനികൻ ഗുരുവിന് നന്ദി പറഞ്ഞു. വിശാലമനസ്കനായി ജീവിക്കുമെന്ന പ്രതിജ്ഞയോടെ മലയിറങ്ങി പട്ടണത്തിലേക്ക് നടന്നു.

ശാമിൽ ചുള്ളിപ്പാറ

# ഹെലൻ എന്ന പെൺകുട്ടി

1

കുട്ടികൾക്കൊരു കഥാസമ്മാനവുമായാണ് അന്ന് മിസ് ജെയിൻ അഞ്ചാം ക്ലാസിലേക്കു വന്നത്. പെർകിൻസ് സ്കൂളിലെ മിക്ക കുട്ടികൾക്കും കണ്ണിനു കാഴ്ചയില്ല. ചില കുട്ടികൾക്ക് കണ്ണിന് വൈകല്യങ്ങളാണുള്ളത്.

## മിസ് ജെയിൻ കഥ പറയുന്നു

കഥയെന്നു കേട്ടപ്പോൾ എല്ലാവർക്കും ആവേശമായി. കഥ കേൾക്കാനുള്ള ആകാംക്ഷ! അവർ മിസ് ജെയ്നിനു ചുറ്റും കൂടി. കുട്ടികളെ സന്തോഷിപ്പിക്കാൻ ഇടക്കൊക്കെ ചില കളികളും ടാസ്കുകളുമൊക്കെ മിസ് സംഘടിപ്പിക്കാറുണ്ട്. എന്നാലും, ഇങ്ങനെയൊരു കഥാസമ്മാനം ആദ്യമായിട്ടാണ്. അതിന്റെ സന്തോഷമായിരുന്നു എല്ലാവരുടെയും മുഖത്ത്.

‘ഇന്നൊരു മാലാഖയുടെ കഥയാണ് പറയുന്നത്.’ ടീച്ചർ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

‘മാലാഖയോ? മാലാഖകൾ പറക്കില്ലേ ടീച്ചറേ?’ ഒരു കുട്ടിയുടെ സംശയം.

‘അതേ, മാലാഖകൾക്ക്



പറക്കാൻ കഴിയും! പക്ഷേ, ഈ കഥയിലെ മാലാഖ പറക്കുന്ന മാലാഖയല്ല' ചെറിയൊരു പുഞ്ചിരിയോടെ ടീച്ചർ കഥ തുടങ്ങി:

'മനസ്സുകൊണ്ട് ലോകം മുഴുവൻ പറന്നുനടന്ന ഒരു കുഞ്ഞുമാലാഖയെക്കുറിച്ചാണ്. അവൾക്ക് ചിറകുകളുണ്ടായിരുന്നില്ല, പക്ഷേ, ചിറകുകളുള്ള ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു.'



കുട്ടികൾ കാതുകൂർപ്പിച്ചു. ടീച്ചർ തുടർന്നു: 'അമേരിക്കയിലെ അലബാമക്കടുത്തുള്ള മനോഹരമായ ഗ്രാമമായിരുന്നു ടസ്കുംബിയ. മനോഹരമായ പൂക്കളും പുൽമേടുകളും നിറഞ്ഞ ആ ഗ്രാമത്തിലെ 'ഐവി ഗ്രീൻ' എന്ന കുഞ്ഞുവീട്ടിലാണ് 1880 ൽ നമ്മുടെ കഥയിലെ ഹീറോയായ മാലാഖപ്പെൺകുട്ടി ജനിച്ചന്നത്. സൂര്യൻ ചിരിച്ചുനിന്ന ഒരു വേനൽക്കാലത്തായിരുന്നു അവളുടെ പിറവി. പ്രകൃതിയിലെ സുന്ദരക്കാഴ്ചകൾ കണ്ടും പക്ഷികളുടെ പാട്ടുകൾ കേട്ടും അവൾ വളർന്നു. അവളുടെ അച്ഛൻ ക്യാപ്റ്റൻ ആർതർ കെല്ലർ ഒരു സൈനികനായിരുന്നു. സൈന്യത്തിൽ നിന്ന് വിരമിച്ചതിനു ശേഷം അദ്ദേഹം ഒരു പ്രാദേശിക പത്രത്തിന്റെ എഡിറ്ററായി ജോലി ചെയ്തു. അമ്മ കെയ്റ്റ് ആഡംസിന് പ്രത്യേകിച്ച് ജോലിയൊന്നും ഉണ്ടായിരുന്നില്ല. 'ഹെ

സലാം തിരുമല

# മഴച്ചന്തം

മഴ മഴ, മഴ മഴയെത്ര മഴ
പല താളങ്ങൾ മീട്ടും മഴ
ഇടയ്ക്കു വന്ന് മറഞ്ഞുപോകും,
വിരുന്നുകാരൻ ചിണുങ്ങിമഴ!

പൊള്ളും വേനൽച്ചൂടിന്നൊടുവിൽ
പെട്ടെന്നെത്തും പുതുമമഴ!
ഇടതടവില്ലാതിരമ്പിയെത്തും,
ഇടവപ്പാതി കഴിഞ്ഞ മഴ!

ഇടിയും മിന്നൽ കാറ്റും അകമ്പടി
സേവിച്ചെത്തും തുലാമഴ!
മണ്ണിൽ മലരിൽ മധുമഴയെന്നാൽ
മനസ്സ് നിറയും മധുരമഴ.



ലൻ’ എന്നായിരുന്നു അവരവളെ വാത്സല്യത്തോടെ വിളിച്ചിരുന്നത്.

അവളുടെ കുഞ്ഞുവീടിനു ചുറ്റും നിറയെ പൂക്കൾ വിരിഞ്ഞുനിൽക്കുന്ന വലിയ പൂന്തോട്ടങ്ങളുണ്ടായിരുന്നു. റോസാപ്പൂക്കളും മുല്ലവള്ളികളുമെല്ലാം അവളുടെ വീടിന് കൂടുതൽ ഭംഗി നൽകി. പൂക്കളുടെ പരിമളം കുളിർക്കാറ്റിനൊപ്പം അടിച്ചുവീശി. എല്ലാ ദിവസവും പ്രഭാതസമയത്ത് തേനീച്ചകളുടെ മൂളലുണ്ടാകും. അതു കേട്ടാണ് പല ദിവസങ്ങളിലും ഹെലൻ ഉണർന്നിരുന്നത്. വീട്ടുമുറ്റത്തെ പൂന്തോട്ടത്തിലൂടെ പൂക്കളുടെ മണം ആസ്വദിച്ച് അവൾ ഓടിക്കളിക്കും. അച്ഛന്റെയും അമ്മയുടെയും കൈകളിൽ തൂങ്ങി വീടിനു ചുറ്റും നടക്കും. പൂന്തോട്ടത്തിലെ ചിത്രശലഭങ്ങളുടെ ഭംഗിയുള്ള ചിറകുകളിലേക്കു നോക്കും. തുള്ളിച്ചാടി രസിക്കും. പൂക്കളെയും ഇലകളെയും തൊട്ട് പ്രകൃതിയുടെ സൗന്ദര്യത്തിൽ ഏറെ സമയം ചെലവഴിക്കും. ആ കൊച്ചുവീട്ടിൽ എപ്പോഴും ചിരിയും കളിയുമായിരുന്നു. എന്നാൽ ഹെലന്റെ ഈ സന്തോഷനാളുകൾ അധികകാലം നീണ്ടുനിന്നില്ല. അവളുടെ കുഞ്ഞുചിറകുകൾ മെല്ലെ തകർന്നു തുടങ്ങി.

‘ടീച്ചർ, കുഞ്ഞു ഹെലന് എന്താണ് പറ്റിയത്?’

കഥക്കിടയിൽ കുട്ടികളെല്ലാവരും ആശങ്കയോടെ ചോദിച്ചു. (തുടരും)

# കാൽ പാടുകൾ



വയസ്സുകാലത്ത് ഇരപിടിക്കാനാകാതെ വലഞ്ഞ സിംഹത്തിന് ഒരു ബുദ്ധി തോന്നി.
അസുഖം അഭിനയിച്ച ഇവിടെ കിടക്കാം. ആരെങ്കിലും കാണാൻ വരുമ്പോൾ പിടിച്ചകത്താക്കാം.
നാളുകൾ കഴിഞ്ഞു. കുറുക്കൻ രാജാവിന് കാണാനെത്തി.
ചുറ്റുപാടും കണ്ടിട്ട് എന്തോ പന്തി കേടുണ്ടല്ലോ!
പുറത്ത് കുറുക്കനെ കണ്ട സിംഹത്തിന് കൊതിയടക്കാനായില്ല.
കുറുക്കച്ചാരേ, അകത്തു കടന്നോളൂ ഓരോ ദിവസവും എത്രയോ പേർ ഇങ്ങോട്ട് വരുന്നതല്ലേ?
മഹാരാജൻ അതുതന്നെയാണ് ഞാൻ നിരീക്ഷിക്കുന്നത്. വന്നവരൊന്നും തിരിച്ചുപോയ കാൽപ്പാടുകൾ കാണുന്നില്ലല്ലോ!
ങ്ഹേ?

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. ഐ.സി.സി വനിതാ ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ അംപയറാകുന്ന ആദ്യ ഇന്ത്യൻ വനിത?

2. 2027 ജൂണിൽ നടക്കാനിരിക്കുന്ന ഗ്ലോബൽ എഐ ഉച്ചകോടിക്ക് വേദിയാകുന്നത്?

3. ഇന്ത്യയുടെ 98–ാമത് ചെസ് ഗ്രാൻഡ്മാസ്റ്ററായതാര്?

4. 2026 ജൂലായിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ലഭിച്ച ഇന്തൊനീഷ്യയുടെ പരമോന്നത ബഹുമതി?

5. പെറുവിന്റെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്?

6. 2026–ലെ സുസ്ഥിര വികസന സൂചികയിൽ ഒന്നാമതുള്ള രാജ്യം?

7. സ്ത്രീസുരക്ഷയ്ക്കായി ദുർഗാ സ്ക്വാഡ് ആരംഭിച്ച സംസ്ഥാനം?

8. 2026 ജൂലായിൽ ജൈവവൈവിധ്യ പൈതൃകസ്ഥലമായി പ്രഖ്യാപിച്ച ബോർജുലി തണ്ണീർത്തടം സ്ഥിതിചെയ്യുന്ന സംസ്ഥാനം?

9. വിബി–ജി–റാം–ജി (തൊഴിലുറപ്പ്) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നടന്നതെവിടെ?

10. ഇന്ത്യയിലെ ആദ്യ 8 ലൈൻ എക്സ്പ്രസ് വേ തുരങ്കം കടന്നുപോകുന്ന കടുവാസങ്കേതം?

11. സംസ്ഥാനത്തെ പൊലീസ് സ്റ്റേഷൻ വളപ്പിലും സമീപത്തും വർഷങ്ങളായി കെട്ടിക്കിടക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാനുള്ള പദ്ധതി?

12. 2026–ലെ ഐ.സി.സി വനിതാ ടി–20 ലോകകപ്പ് ക്രിക്കറ്റ് ജേതാക്കളായ ടീം?

13. 29–ാമത് നാഷണൽ കോൺഫറൻസ് ഓൺ ഇ–ഗവേണൻസിന് വേദിയാകുന്നത്?

14. കേരളത്തിന്റെ പുതിയ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീ





1. അശ്വത് എസ്, 2. കെയ്ക്കോ ഫുജിമോറി, 3. ശേഷാദ്രിനാഥൻ, 4. ധീരജ് സേത്ത്, 5. കിലിയൻ എംബാപെ

ഷണറായി നിയമിതനായത്?

15. ഇന്ത്യയിൽ ആദ്യമായി അപൂർവ്വരോഗബാധിതരുടെ ഡേറ്റാ രജിസ്റ്റർ തയ്യാറാക്കുന്ന സംസ്ഥാനം?

16. ഇന്ത്യയുടെ പുതിയ കര സേനാ മേധാവി?

17. ലോകകപ്പ് ഫുട്ബോൾ നോക്കൗട്ടിൽ 10 ഗോൾ നേടുന്ന ആദ്യ താരമെന്ന റെക്കോഡിനർ ഹനായത്?

18. ലോകകപ്പ് നോക്കൗട്ടിൽ പ്രവേശിക്കുന്ന ഏറ്റവും ജനസംഖ്യകുറഞ്ഞ രാജ്യം?

19. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ആദ്യത്തെ ഹൈഡ്രജൻ ഇന്ധന ട്രെയിൻ?

20. ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിൽ അംഗരാജ്യമായ 27-ാമത് രാജ്യം?

21. 2026-ലെ നാറ്റോ ഉച്ചകോടിക്ക് വേദിയാകുന്നത്?

22. വിഴിഞ്ഞം തുറമുഖത്തെത്തിയ 1000-ാമത് കപ്പൽ?

23. 2026 ജൂൺ അവസാന വാരം ഇരട്ട ഭൂകമ്പം ഉണ്ടായ ലാറ്റിനമേരിക്കൻ രാജ്യം?

24. 15 വയസ്സിൽ താഴെയുള്ള കുട്ടികൾ സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നത് വിലക്കിയ ആദ്യ ഗൾഫ് രാജ്യം?

25. 2026 ജൂണിൽ ഡ്രോൺ വഴിയുള്ള തപാൽ വിതരണം ആരംഭിച്ച സംസ്ഥാനം?

**ഉത്തരങ്ങൾ**

1. വൃന്ദാ റാഠി, 2. ജനീവ (സ്വിറ്റ്സർലൻഡ്), 3. അശ്വത് എസ് (തമിഴ്നാട്), 4. ബിൻതാങ് ആദിപൂർണ, 5. കെയ്ക്കോ ഫുജിമോറി, 6. ഫിൻലൻഡ്, 7. പശ്ചിമ ബംഗാൾ, 8. അസം, 9. മുക്കവരിപ്പള്ളി (തിരുപ്പതി, ആന്ധ്രാപ്രദേശ്), 10. മുകുന്ദ്രാ ഹിൽസ് കടുവാ സങ്കേതം (രാജസ്ഥാൻ), 11. സ്പേസ്, 12. ഓസ്ട്രേലിയ, 13. ജയ്പൂർ (രാജസ്ഥാൻ), 14. എൻ. ശേഷാദ്രിനാഥൻ, 15. കേരളം, 16. ധീരജ് സേത്ത്, 17. കിലിയൻ എംബാപെ (ഫ്രാൻസ്), 18. കേപ് വെർദെ, 19. നമോ ഗ്രീൻ റെയിൽ, 20. ബംഗ്ലാദേശ്, 21. അങ്കാറ (തുർക്കി), 22. എം.എസ്.സി ലൂസിയാന, 23. വെനസ്വേല, 24. യു.എ.ഇ, 25. ഹിമാചൽ പ്രദേശ്


മിസ്റ്റർ
മണ്ടപ്പൻ
അപ്പന്മാർ പ്രഭാത സവാരിയിൽ,
കർക്കിടകം പിറന്നിട്ടും മഴ പെയ്യുന്ന ലക്ഷണമൊന്നും കാണുന്നില്ലല്ലോ.
മഴ പോയിട്ട് ഒരു മന്ദമാരുതൻ പോലും വരുന്നില്ല അണ്ണേ.
പെട്ടെന്ന്,
ടർണീം... ടർണീം...
മറുതലക്കൽ,
അപ്പന്മാരേ, സ്റ്റുഡൻസ് സ്ക്വയർ വരെ ഒന്ന് വരണം. ഒരു സ്പെഷ്യൽ പ്രോഗ്രാമുണ്ട്.
ശരി, ഉടനെ എത്താം.
അങ്ങോട്ട് പോകണോ അണ്ണേ? എന്തെങ്കിലും കീറാമുട്ടി കേസുകൾ ഏൽപ്പിക്കാനായിരിക്കും.
ഏതായാലും ഇത്തിരി നടക്കാനല്ലേയുള്ളൂ, പോയേക്കാം.


ആ ചായ കടയിൽ നിന്ന് ഒരു ചായ കുടിച്ചാലോ?
അതു കൊള്ളാം. ഒരു എനർജി കിട്ടും.
അപ്പന്മാർ കടയുടെ മുന്നിൽ,
ചേട്ടാ രണ്ട് സ്ട്രോങ്ങ് ചായ.
അത്... അത്... ചായ തീർന്നു പോയല്ലോ.
ഇത്ര നേരത്തെ ചായ തീർന്നെന്നോ?
കസ്റ്റമേഴ്സ് ഇപ്പോൾ ഇത്തിരി കൂടുതലാണ്.


ശരിയാ അണ്ണേ, കണ്ടില്ലേ നിറയെ ചെറുപ്പക്കാരുണ്ടല്ലോ ഇവിടെ.
പക്ഷേ, അവരുടെ കൈയിലൊന്നും ചായ കാണുന്നില്ലല്ലോ.
ഏതായാലും നടത്തം തുടരാം. അടുത്ത ചായക്കട അടുത്തുതന്നെ കാണും.
ദാ, അവിടെ ഒരു കട കാണുന്നുണ്ട്.
ചേട്ടാ, രണ്ട് സ്ട്രോങ് ചായ.
ഖതം ഹോഗ യാ ബയ്യാ!


ഇവിടെയും തീർന്നോ?
ചായ കാച്ചാൻ പോലും ബംഗാളികളാണല്ലോ അണ്ണേ.
കേരളത്തിൽ ഇപ്പോൾ മലയാളികളെക്കാൾ ബംഗാളികളുണ്ടെന്ന് തോന്നുന്നു.
അപ്പന്മാർ സ്റ്റുഡൻസ് സ്ക്വയറിൽ,
ഏമാന്മാരെ കാണുന്നില്ലല്ലോ.
ഒരു ചായ പാർസൽ കൊണ്ടുവരാൻ പറയൂ അണ്ണേ.
ഇതാ സാർ, ഞങ്ങൾ എത്തിക്കഴിഞ്ഞു.
പോലീസ് സ്റ്റുഡൻസ് സ്ക്വയറിലേക്ക്,
തത്സമയം,
ഹയ്യോ, പോലീസ് വരുന്നു. ഓടിക്കോ...


എങ്ങോട്ടാ മച്ചൂ എല്ലാവരും ഓടുന്നത്?
പോലീസുകാരെ കണ്ട് ഓടുന്നതാവും.
പെട്ടെന്ന്,
ങേ?
ഹിയ്യോ!
പ്ധൂം...!!
ഹിയ്യട! ഒന്നാന്തരം കഞ്ചാവുപൊതികൾ!
എന്റെ കാലൊടിഞ്ഞേ.


വൈകാതെ സ്ഥലത്ത് മിന്നൽ റെയ്ഡ്!
ഹിഹി! വെറുതെയല്ല ചായക്കടയിൽ ചായയില്ലാത്തത്.
സോറി സാർ!
ജനങ്ങളേ, ഇവരാണ് നമ്മുടെ നാട് നശിപ്പിക്കുന്നത്. ഇവരെ തുരത്താനാണ് ഓപറേഷൻ തൂഫാൻ.
ഓപ്പറേഷൻ തൂഫാൻ...
കീ ജയ്!
ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ 9995966666 എന്ന നമ്പറിൽ വിളിച്ചറിയിക്കണം.
നമ്മുടെ അഭിമാനമായ അപ്പന്മാരെ തൂഫാൻ വാരിയേഴ്സായി പ്രഖ്യാപിക്കുകയാണ്.
ഹിഹി! തേടിയ വേര് കാലിൽ തടഞ്ഞു.

നോവൽ – 32

മുജ്തബ നസ്വീഹ്

# ഡോക്ടർ അബൂട്ടി

എത്ര പെട്ടെന്നാണ് വർഷങ്ങൾ കടന്നുപോയത്! അബൂട്ടി ഇപ്പോൾ പഴയ കുട്ടിയല്ല; ആളൊരു യുവാവായിരിക്കുന്നു. മീശയും താടിയുമൊക്കെയുള്ള യുവാവ്. കാലം എത്ര പെട്ടെന്നാണ് ശരീരത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയത്! എന്നാലും ഒരു കുട്ടിയാണെന്നാണ് തോന്നുന്നത്. പ്രത്യേകിച്ച്, ഉമ്മ 'അബൂട്ടിമോനേ' എന്നു വിളിക്കുമ്പോൾ.

മലഞ്ചെരുവിലെ കൊച്ചുകുടിലിന്റെ വരാന്തയിലിരുന്ന് അബൂട്ടി താഴ്‌വാരത്തേക്കു




കണ്ണയച്ചു. ആദ്യം ഇവിടെ വന്നപ്പോൾ അവിടെയൊക്കെ ചെറിയ മരങ്ങളായിരുന്നല്ലോ ഉണ്ടായിരുന്നത്. ഇപ്പോൾ അബൂട്ടി മാത്രമല്ല, താഴ്‌വാരത്തെ മരങ്ങളും ചെടികളുമൊക്കെ ഏറെ വലുതായിട്ടുണ്ടല്ലോ.

ഹൗസ് സർജൻസി പൂർത്തിയാവാൻ ഇനി രണ്ടുമൂന്നു മാസങ്ങൾ മതി. അതു കഴിഞ്ഞാൽ അബൂട്ടി ഒരു ഡോക്ടറാണ്, പേരിനു താഴെ എംബിബിഎസ് എന്നു ചേർക്കാൻ യോഗ്യതയുള്ള ഡോക്ടർ!

മോളൂട്ടിയും വലുതായിരിക്കുന്നു. അവൾ ചോദിക്കും: 'ഇക്കാക്കാ, ഇക്കാക്കയുടെ പേരെങ്ങനെയാ ബോർഡിൽ കൊടുക്കുക; ഡോ. അബൂട്ടി എന്നോ, അബൂബക്കർ എന്നോ?' എന്നിട്ട് ചിരിച്ചുകൊണ്ട് അവൾ പറയും: 'എനിക്കിഷ്ടം ഡോ. അബൂട്ടിയെന്ന് എഴുതുന്നതാണ് ട്ടോ.'

അപ്പോൾ ചോദിച്ചു: 'അപ്പോ നീ പഠിച്ചുപഠിച്ചു



ഡോക്ടറാവുമ്പോ എങ്ങനെ യാ പേരെഴുതുക? ഡോ. മോളൂട്ടി എന്നായിരിക്കു മോ?'

അവൾ പെട്ടെന്ന് പറഞ്ഞു: 'ഞാനതിനു ഡോ ക്ടറായിട്ടു വേണ്ടേ, എനിക്ക് നേഴ്സാവാനാണിഷ്ടം.'

'അതെന്താ അങ്ങനെ, ഡോക്ടറെക്കാൾ വലുതാ ണോ നേഴ്സ്?'

'അങ്ങനെ വല്യ ആളാവാനൊന്നും എനിക്കിഷ്ടല്ലി ക്കാ. നഴ്സായാ ലേ, രോഗികളെ സൂചി വെക്കാം, മരുന്നു കൊടു ക്കാം, മുറിവിൽ മരുന്നുവച്ച് കെ ട്ടിക്കൊടുക്കാം, അവരെ സ് നേഹത്തോടെ പരിചരിക്കാം... അതൊക്കെയാ ണ് എനിക്കിഷ്ടം.'

'ഡോക്ടറായാ ലും ഇതൊക്കെ ചെയ്യാലോ?'

'ചെയ്യാമായി രിക്കും. പക്ഷേ, ചില ഡോക്ടർ മാർക്കൊക്കെ എന്തൊരു ഗമയാണെന്നോ! നമ്മള് പറയുന്നതൊന്നും കേൾക്കാൻ അവർക്ക് നേരം ണ്ടാവില്ല. അപ്പോഴേക്ക് ശീ ട്ടെടുത്ത് കുത്തിവരയ്ക്കും. എന്താണെഴുതിയത്ന്ന് നമു ക്ക് മനസ്സിലാവില്ല. പിന്നെ, രോഗികളെ കീറിമുറിക്കുന്ന തും അവരാണല്ലോ. തീ രെ ദയയില്ലാതെയാണവര്

പെരുമാറുക. ഇക്കാക്ക അങ്ങനെ യുള്ള ഡോ ക്ടറായിപ്പോ കര്‍തെന്ന് ഞാനെന്നും ദുആ ഇരക്കാ റ്ണ്ട്.'



അവളുടെ വാക്കുകള്‍ കേട്ടപ്പോള്‍ ചിരിക്കാതിരിക്കാന്‍ കഴിഞ്ഞില്ല. ഒരു കണക്കിന് അവള്‍ പറഞ്ഞതിലും ശരിയുണ്ടല്ലോ. കൂട്ടുകാരായ ഡോക്ടര്‍മാരില്‍ പലരും അങ്ങനെയാണല്ലോ. എന്തൊരു ഗമയും അഹങ്കാരവുമാണവര്‍ക്ക്! ചില പ്രൊഫസര്‍മാര്‍ രോഗിയുടെ മുമ്പില്‍ വച്ച് അവരെക്കുറിച്ച് എന്തെല്ലാം പരിഹാസവാക്കുകളാണ് ഇംഗ്ലീഷില്‍ ഞങ്ങളോട് പറയാറുള്ളത്. പാവം രോഗികള്‍, കേള്‍ക്കുന്നത് പരിഹാസവും ചീത്തയുമാണെന്നറിയാതെ ഡോക്ടറുടെ വായിലേക്ക് ആദരവോടെ നോക്കിക്കിടക്കും. ഞങ്ങളില്‍ ചിലര്‍ അത് കേട്ടു ചിരിക്കുമ്പോള്‍ അവരും

ചിരിക്കുന്നുണ്ടാവും. ഒരിക്കലും അത്തരം പ്രൊഫസർമാരോട് ആദരവ് തോന്നിയിട്ടില്ലല്ലോ. എതിർത്തൊന്നും പറയാൻ കഴിയാത്തതുകൊണ്ട് മിണ്ടാതെ നിൽക്കുന്നുവെന്നേയുള്ളൂ. അപ്പോഴൊക്കെ തോന്നിയിട്ടുണ്ട്; ഒരിക്കലും അങ്ങനെയുള്ള ഒരു ഡോക്ടറാവരുതെന്ന്.

നല്ല ഡോക്ടർമാരും ധാരാളമുണ്ടല്ലോ മാതൃകയാക്കാൻ. നിയാസ് ഡോക്ടറാണ് മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്. എന്തൊരു സ്നേഹത്തോടെയാണദ്ദേഹം രോഗികളോട് സംസാരിക്കാറ്. ഓരോ കാര്യവും ചോദിച്ചറിയും. രോഗിക്ക് പറയാനുള്ളതൊക്കെ ശ്രദ്ധിച്ചു കേൾക്കും. നല്ല വാക്കുകൾ പറഞ്ഞ് രോഗിയെ സമാധാനിപ്പിക്കും. സൂക്ഷ്മമായി പരിശോധിച്ച് കുറച്ചു മരുന്നുകളേ കുറിച്ചുകൊടുക്കൂ.

അദ്ദേഹം ഇടയ്ക്കിടെ ഞങ്ങളോട് പറയാറുണ്ടല്ലോ; നിങ്ങൾ രോഗികളോട് സ്നേഹത്തോടെ പെരുമാറണം, അവർ പറയുന്നതൊക്കെ കേൾക്കണം, ഒരിക്കലും രോഗിയെ ഭയപ്പെടുത്തരുത്, ഡോക്ടറുടെ നല്ല പെരുമാറ്റം തന്നെ മതി രോഗിയുടെ സുഖക്കേട് പകുതി കുറയ്ക്കാൻ, പിന്നെ പകുതിരോഗത്തിനു മരുന്ന് കൊടുത്താൽ മതി. എന്തൊരു ആശ്വാസത്തോടെയാണ് രോഗികൾ നിയാസ് ഡോക്ടറുടെ അടുത്തുവന്നാൽ തിരിച്ചു പോകാറ്! അതു കാണുമ്പോഴൊക്കെ കൊതി വരും, അദ്ദേഹത്തെപ്പോലെ നല്ല ഡോക്ടറാവണമെന്ന്.

'അബൂട്ടി മോനേ, നീ എന്താ ആലോചിച്ചുകൊണ്ടി

## വരുന്നു സെൻസസ്

ഇന്ത്യയിപ്പോൾ ജനസംഖ്യാ കണക്കെടുപ്പിന്റെ ചൂടിലാണ്. സെൻസസ് നടപടികൾ പൂർത്തിയാക്കാൻ 3 വർഷമെങ്കിലും വേണ്ടിവരും. 2027 മാർച്ച് ഒന്നിലെ ജനസംഖ്യയാണ് ഈ സെൻസസിലൂടെ പ്രഖ്യാപിക്കുന്നത്. 1881 മുതൽ ഓരോ 10 വർഷത്തെ ഇടവേളകളിലും ഇന്ത്യയിൽ സെൻസസ് നടത്തിവരുന്നു. 2011ലാണ് ഇന്ത്യയിൽ ഏറ്റവും ഒടുവിൽ സെൻസസ് നടന്നത്. 2021ൽ നടക്കേണ്ടിയിരുന്ന സെൻസസ് കോവിഡ്-19 മഹാമാരി മൂലം വൈകിയതോടെയാണ് ഇപ്പോൾ സെൻസസ് നടത്തുന്നത്.

രിക്കുന്നത്? കുറെ നേരായ ല്ലോ ഇങ്ങനെ?'

എളാപ്പയുടെ ചോദ്യം കേട്ടു ഞെട്ടി. വരാന്തയിൽ വന്നിരുന്നിട്ട് കുറെ നേരമായല്ലോ. എളാപ്പ അടുത്തുവന്നതൊന്നും അറിഞ്ഞതേയില്ല.

'ഓരോന്നാലോചിച്ചിരുന്നു പോയതാ എളാപ്പാ.' ജാള്യതയോടെ ചാടിയെഴുന്നേറ്റു. അപ്പോൾ എളാപ്പ പറഞ്ഞു: 'മോൻ ഇന്നും നാളേം ഇവിടെയുണ്ടാവുമല്ലോ. എളാപ്പ പുറത്തേക്കൊന്നിറങ്ങ്വാട്ടോ.'

'എളാപ്പ ജോലിക്ക് പോവാണോ?'

'ങാ, മോനേ. പോകാണ്ടിരിക്കാൻ പറ്റില്ലല്ലോ.'

പാവം എളാപ്പ! പ്രായം കൂടിവരുകയാണ്. താടിയും മുടിയുമൊക്കെ നരച്ചിട്ടുണ്ട്. മുഖത്ത് നല്ല ക്ഷീണത്തിന്റെ ലക്ഷണമുണ്ട്. എന്നാലും, എന്നും ജോലിക്കു പോകും. പകലന്തിയോളം ജോലി ചെയ്യും. ഉമ്മയും കഠിനാധ്വാനം ചെയ്തിട്ടാണല്ലോ എന്നെയും മോളൂട്ടിയെയും പഠിപ്പിക്കുന്നത്.

എളാപ്പയുടെ മോളായ മോളൂട്ടിക്കിപ്പോൾ പഠിക്കാൻ അത്ര പണമൊന്നും വേണ്ട. എന്നാൽ, എനിക്കെത്രയാ അവര് ചെലവഴിക്കുന്നത്! വലിയ വലിയ സംഖ്യകൾ ഫീസായും മറ്റും അടയ്ക്കാനുണ്ടാകുമ്പോൾ ഉമ്മയോടാണ് പറയുക. ഉമ്മ എളാപ്പയോടു പറയും. കഠിനാധ്വാനം ചെയ്ത് സ്വരൂപിച്ചും വായ്പ വാങ്ങിയുമൊക്കെ എങ്ങനെയെങ്കിലും പണം ഒപ്പിച്ചു തരും. ആ പണം സ്വീകരിക്കുമ്പോൾ സങ്കടം വരും. പഠിച്ചു കഴിയട്ടെ, പിന്നെ അവരെ ജോലിക്ക് പോകാൻ സമ്മതിക്കില്ല. ഞാൻ ജോലിചെയ്ത് അവരെ സംരക്ഷിക്കും. മനസ്സിൽ ഇങ്ങനെ എത്രവട്ടമാണ് പ്രതിജ്ഞ ചെയ്തത്!

'മോനിനി എത്ര മാസാ അവിടെ നിൽക്കേണ്ടത്?' എളാപ്പ ചോദിക്കുന്നു.

'മൂന്നുമാസം കൂടി മതി എളാപ്പാ.'

'പിന്നെ?'

'എവിടെയെങ്കിലും ഡോക്ടറായി പ്രാക്ടീസ് ചെയ്യണം.'

'ഹാവൂ, അപ്പൊ പിന്നെ നമ്മുടെ ബുദ്ധിമുട്ടൊക്കെ തീരുമല്ലോ.' എളാപ്പ ആശ്വാസത്തിന്റെ നെടുവീർപ്പയച്ച് മുറ്റത്തേക്കിറങ്ങി.

(തുടരും)





# പഞ്ചാബ്

- തലസ്ഥാനം: ചണ്ഡിഗഡ്
- വിസ്തീർണം: 50,362 ച.കി.മീ
- ജനസംഖ്യ: 2,77,43,338
- ജനസാന്ദ്രത: 551/ച.കി.മീ
- സ്ത്രീപുരുഷ അനുപാതം: 895/1000
- സാക്ഷരത: 75.84%
  ഭാഷ: പഞ്ചാബി
- ലോക്സഭാ സീറ്റുകൾ: 13
- രാജ്യസഭാ സീറ്റുകൾ: 7
- അസംബ്ലി: 117

**ചരിത്രം**

ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ പഞ്ചാബിലെ എട്ടു നാട്ടുരാജ്യങ്ങൾ ചേർത്ത് പട്യാല ആൻഡ് ഈസ്റ്റ് പഞ്ചാബ് സ്റ്റേറ്റ്സ് യൂണിയൻ എന്ന പേരിൽ ഒരു സംസ്ഥാനം രൂപീകരിച്ചു. പട്യാലയായിരുന്നു തലസ്ഥാനം. 1966 നവംബർ ഒന്നിനാണ് ഇന്നത്തെ പഞ്ചാബ് നിലവിൽവന്നത് (ഹിന്ദി ഭാഷ സംസാരിക്കുന്ന പ്രദേശങ്ങൾ ചേർത്ത് ഹരിയാനയ്ക്കു രൂപം നൽകിക്കൊണ്ടാണ് ഇതു നടപ്പാക്കിയത്)

## ജില്ലകൾ (23)

1. അമൃത്സർ, 2. ഭട്ടിൻഡ, 3. ഫരീദ്കോട്ട്, 4. ഫിറോസ്പുർ, 5. ഫത്തേഗഡ് സാഹിബ്, 6. ഗുർദാസ്പുർ, 7. ഹോഷിയാർപുർ, 8. ജലന്ധർ, 9. കപൂർത്തല, 10. ലുധിയാന, 11. മൻസ, 12. മോഗ, 13. ശ്രീമുക്തസർ സാഹിബ്, 14. ഷഹീദ് ഭഗത്സിംഗ് നഗർ, 15. പട്യാല, 16. രൂപപ്നഗർ, 17. സംഗരൂർ, 18. സാഹിബ്സനദാ അജിത്സിങ് നഗർ, 19. ബർണാല, 20. തരൺതരൺ, 21. ഫസിൽക്ക, 22. പഠാൻകോട്ട്, 23. മലേർ കോട്‌ല

**സംസ്ഥാന പുഷ്പം : ഗ്ലാഡിയോലസ്** (Gladiolus)
**സംസ്ഥാന വൃക്ഷം : ശീഷാം** (Shisham)
**സംസ്ഥാന പക്ഷി : നോർത്തേൺ ഗോഷാവ്ക്**
**സംസ്ഥാന മൃഗം : കൃഷ്ണമൃഗം**




### അതിർത്തികൾ

**വടക്ക് – ജമ്മു കശ്മീർ**
**വടക്കുകിഴക്ക് – ഹിമാചൽപ്രദേശ്**
**തെക്കുകിഴക്ക് – ഹരിയാന**
**തെക്ക് – രാജസ്ഥാൻ**
**പടിഞ്ഞാറ് – പാക്കിസ്ഥാൻ**

# നീല കുട

സുമ രാമചന്ദ്രൻ

സ്കൂൾ വിട്ടപ്പോഴേക്കും ആകാശം കറുത്തിരുണ്ടു. മഴയുടെ അകമ്പടിയായി വലിയ കാറ്റു വീശി. കുട്ടികളെല്ലാം വീട്ടിലേക്ക് ഓടിത്തുടങ്ങി. താര ബാഗിൽ നിന്ന് മനോഹരമായ ഒരു നീലക്കുട പുറത്തെടുത്തു. അച്ഛൻ കഴിഞ്ഞ മാസമാണവൾക്ക് ആ കുട വാങ്ങിക്കൊടുത്തത്. കുട നിവർത്തി അവൾ ഗേറ്റിനു പുറത്തേക്ക് നടക്കാൻ തുടങ്ങിയപ്പോൾ മഴക്ക് ശക്തി കൂടി. അപ്പോഴാണ് സ്കൂൾ വരാന്തയിൽ ഒരു പെൺകുട്ടി ഒറ്റയ്ക്ക് നിൽക്കുന്നത് കണ്ടത്. താരയുടെ ക്ലാസ്സിൽ ഈ വർഷം ചേർന്ന മീനുവായിരുന്നു അത്. അവളുടെ കൈയിൽ കുടയില്ലായിരുന്നു. മഴയുടെ തണുപ്പിൽ അവൾ വിറയ്ക്കുന്നുണ്ട്. അവളുടെ കണ്ണുകളിൽ സങ്കടവും ഭയവും കാണാം. സ്കൂളിൽ നിന്ന് കുറച്ചകലെയാണ് മീനുവിന്റെ വീട്. എങ്ങനെ വീട്ടിലെത്തുമെന്നറിയാതെ പകച്ചു നിൽക്കുകയാണല്ലോ അവൾ.

തന്റെ നീലക്കുട ചെറുതാണ്, അവളെക്കൂടി കുടയിൽ കയറ്റിയാൽ ഉടുപ്പ് നനഞ്ഞുപോകില്ലേ എന്നായിരുന്നു താരയുടെ പേടി. പക്ഷേ, മീനുവിന്റെ സങ്കടം കണ്ടപ്പോൾ താരക്ക് അവളെ ഒറ്റയ്ക്കാക്കി പോകാൻ തോന്നിയില്ല. ഇത്തിരി നനഞ്ഞാലെന്താ, വീട്ടിലേക്കാണല്ലോ പോകുന്നത് എന്നു ചിന്തിച്ച് താര മീനുവിന്റെ അടുത്തു ചെന്നു.

'മീനൂ, എന്റെ കുടയിൽ കൂടിക്കോളൂ. നമുക്ക് ഒരുമിച്ചു പോകാം.' താര പുഞ്ചിരിയോടെ പറഞ്ഞു. മീനു അത്ഭുതത്തോടെ താരയെ





നോക്കിപ്പറ
ഞ്ഞു: 'താരേ, നിന്റെ കുട ചെറുതല്ലേ, ഞാൻ കൂടെവന്നാൽ നീയും നനഞ്ഞുപോവില്ലേ?'

'അതു സാരമില്ല മീനൂ, നീ ഒറ്റയ്ക്ക് ഇവിടെ നിൽക്കേണ്ടല്ലോ.' താരയുടെ വാക്കുകൾ കേട്ടപ്പോൾ മീനുവിന് സന്തോഷമായി. അവർ രണ്ടുപേരും നീലക്കുടചൂടി നടക്കാൻ തുടങ്ങി. മഴത്തുള്ളികൾ അവരുടെ ഉടുപ്പുകളിൽ വീഴുന്നുണ്ടായിരുന്നു. മഴ ആസ്വദിച്ച്, വിശേഷങ്ങൾ പങ്കുവെച്ച് അവർ വഴിയരികിലൂടെ നടന്നു. മീനുവിന്റെ വീടെത്തിയപ്പോഴേക്കും മഴ അല്പം കുറഞ്ഞിരുന്നു. മീനു താരയോട് നന്ദി പറഞ്ഞു.

വീട്ടിലെത്തിയ താരയുടെ ഉടുപ്പ് നനഞ്ഞതു കണ്ട് അമ്മ ചോദിച്ചു: 'കുടയുണ്ടായിട്ടും നിന്റെ ഉടുപ്പെല്ലാം നനഞ്ഞുപോയല്ലോ, എന്തുപറ്റി?' താര സംഭവങ്ങളെല്ലാം വിവരിച്ചു. അതുകേട്ട് അമ്മ അവളെ ചേർത്തു പിടിച്ചുകൊണ്ടു പറഞ്ഞു: 'മോളേ, ഉടുപ്പ് നനഞ്ഞതു സാരമില്ല. നീ നിന്റെ കൂട്ടുകാരിയെ സഹായിച്ചല്ലോ. മറ്റുള്ളവരെ സഹായിക്കുന്നത് വലിയ നന്മയാണ്.'

അന്നുമുതൽ താരയും മീനുവും ഉറ്റ കൂട്ടുകാരായി മാറി.

Current Affairs

## നാവികക്കരുത്ത്

തദ്ദേശീയമായി നിർമിച്ച ഐഎൻഎസ് ദുനാഗിരി, ഐഎൻഎസ് സംശോധക്, ഐഎൻഎസ് അഗ്രയ് എന്നീ യുദ്ധക്കപ്പലുകൾ നാവികസേനയുടെ ഭാഗമായി. കൊൽക്കത്തയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണു കപ്പലുകൾ കമ്മിഷൻ ചെയ്തത്.

## മെസ്സി ഒന്നാമൻ

ലോകകപ്പ് ഫുട്ബോളിൽ ഏറ്റവും കൂടുതൽ ഗോൾ നേടിയ താരം എന്ന റെക്കോർഡ് അർജന്റീനതാരം ലയണൽ മെസ്സി സ്വന്തമാക്കി. 2026 ലോകകപ്പിൽ 17-ാം ഗോൾ നേടിയതോടെയാണ് ടൂർണമെന്റിലെ എക്കാലത്തെയും ഗോൾവേട്ടക്കാരിൽ ജർമനിയുടെ മിറോസ്ലാവ് ക്ലോസെയെ മറികടന്ന് മെസ്സി ഒന്നാം സ്ഥാനത്തെത്തിയത്.



## ബിശ്വനാഥ് സിൻഹ

കേരളത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹ തിരഞ്ഞെടുക്കപ്പെട്ടു. എ.ജയതിലക് വിരമിക്കുന്ന ഒഴിവിലാണു നിയമനം. ആഭ്യന്തര വകുപ്പിൽ അഡിഷനൽ ചീഫ് സെക്രട്ടറി പദവിയിൽ നിന്നാണു ബിശ്വനാഥ് സിൻഹ ചീഫ് സെക്രട്ടറി സ്ഥാനത്തെത്തിയത്.

## കുനാൽഷാ മേധാവി

മെസേജിംഗ് ആപ്പായ വാട്സാപ്പിന്റെ പുതിയ ആഗോള മേധാവിയായി ഇന്ത്യക്കാരനായ കുനാൽ ഷാ തിരഞ്ഞെടുക്കപ്പെട്ടു. 7 വർഷത്തോളം വാട്സാപ്പിനെ നയിച്ച വിൽ കാത്കാർട്ടിന്റെ പിൻഗാമിയായാണ് മുംബൈ സ്വദേശിയായ കുനാൽ ഷായുടെ നിയമനം.

## സൂര്യവൈഭവം

ലിസ്റ്റ് എ ക്രിക്കറ്റിലെ വേഗമേറിയ അർധസെഞ്ചറിയെന്ന റെക്കോർഡ് ഇന്ത്യൻ കൗമാരതാരം വൈഭവ് സൂര്യവംശി സ്വന്തമാക്കി. ശ്രീലങ്ക എയ്ക്കെതിരായ മത്സരത്തിൽ 11 പന്തിൽ 50 റൺസ് തികച്ചാണു പതിനഞ്ചുകാരനായ വൈഭവ് നേട്ടം കൈവരിച്ചത്.

## റെക്കോർഡ് റോണോ



തുടർച്ചയായ 6 ലോകകപ്പുകളിൽ ഗോൾ നേടുന്ന ആദ്യ ഫുട്ബോളർ എന്ന നേട്ടം പോർച്ചുഗലിന്റെ ക്രിസ്റ്റിയാനോ റൊണാൾഡോ സ്വന്തമാക്കി. 2006 മുതൽ 2026 വരെയുള്ള ലോകകപ്പുകളിലായാണു റൊണാൾഡോയുടെ ഗോൾ വേട്ട.

അബൂസുറൂർ വള്ളിക്കുന്ന്

# നബി(സ)യെ സ്നേഹിച്ച സ്വഹാബി

മീലാദുന്നബി സ്പെഷ്യൽ

നബി(സ)യോട് അങ്ങേയറ്റത്തെ സ്നേഹമായിരുന്നു ഹസൻ സൗബാൻ(റ)വിന്. ഒരു ദിവസം പോലും നബി(സ)യെ കാണാതിരിക്കാൻ സൗബാന് കഴിയുമായിരുന്നില്ല. ഒരു ദിവസം സൗബാൻ(റ) വിഷാദഭരിതനായി നബിസന്നിധിയിലെത്തി. കണ്ണുകളിൽ കണ്ണീർ തളംകെട്ടിനിൽക്കുന്നുണ്ടായിരുന്നു. നബി(സ) സ്നേഹത്തോടെ ചോദിച്ചു: 'സൗബാൻ, എന്താണ് നിന്റെ മുഖത്തൊരു വിഷമം? വല്ല രോഗവും പിടിപെട്ടോ?'

സൗബാൻ(റ) കരഞ്ഞുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എനിക്ക് രോഗമൊന്നുമില്ല. ഒരു നിമിഷം പോലും അങ്ങയെ കാണാതിരിക്കാൻ എനിക്കു കഴിയില്ല. പരലോകത്ത് അങ്ങ് അത്യുന്നതമായ പദവിയിലായിരിക്കുമല്ലോ. സ്വർഗ്ഗത്തിലെത്തിയാൽ പോലും അങ്ങയെ എനിക്ക് കാണാൻ സാധിക്കുമോ? അങ്ങയെ കാണാൻ സാധിക്കാത്ത സ്വർഗ്ഗം എത്ര വിരസമായിരിക്കും!'

അതു കേട്ടപ്പോൾ നബി(സ)യുടെ കണ്ണുകളും സജലമായി. അപ്പോൾ ജിബ്‌രീൽ(അ) അല്ലാഹുവിന്റെ സന്ദേശവുമായി അവതരിച്ചു: 'അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നവർ പരലോകത്ത് പ്രവാചകന്മാരുടെയും സജ്ജനങ്ങളുടെയും കൂടെയായിരിക്കും.' അതു കേട്ടപ്പോൾ സൗബാന്റെ മുഖത്ത് പുഞ്ചിരി വിടർന്നു.




# പ്രതീക്ഷയുടെ ചില്ലകൾ

**ക**ഴിഞ്ഞ അവധിക്കാലത്താണ് വീട്ടുവളപ്പിൽ ഞാനൊരു മാവിൻതൈ നട്ടത്. മാഷ് മരങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് ഒരു മരം നട്ടുപിടിപ്പിക്കണമെന്ന് ഞാൻ തീരുമാനിച്ചത്. അതിനായി ഉപ്പ അങ്ങാടിയിൽ നിന്ന് നല്ലൊരു തൈ വാങ്ങി വീട്ടിലെത്തി. കുഴിയെടുക്കാനും തൈ നടാനും ഉപ്പ സഹായിച്ചു.

പിന്നീട് എല്ലാ ദിവസവും ഞാനതിനെ ശ്രദ്ധിക്കാൻ തുടങ്ങി. രാവിലെയും വൈകുന്നേരവും വെള്ളമൊഴിച്ചുകൊടുത്തു. ചുറ്റുമുള്ള പുല്ലുകൾ പറിച്ചുമാറ്റി, കല്ലുകളും മണ്ണും ചേർത്ത് തടം കെട്ടി വളമിട്ടുകൊടുത്തു. ആടുകളോ കോഴികളോ ആ കുഞ്ഞുതൈ നശിപ്പിക്കുമോ എന്ന ഭയം എനിക്കുണ്ടായിരുന്നു. അതിനാൽ ചുറ്റും ചെറിയ വേലിയും കെട്ടി.

ആദ്യം തൈ വളരുന്നില്ലല്ലോ എന്ന വിഷമമായിരുന്നു എനിക്ക്. എന്നാൽ, ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ ഇളംപച്ച നിറമുള്ള പുതിയ ഇലകൾ വന്നു. അതു കണ്ടപ്പോൾ എനിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. മഴ പെയ്യുമ്പോൾ അതിന്റെ കുഞ്ഞിലകൾ ചലിക്കുന്നതു കാണാൻ നല്ല രസം! ചില വൈകുന്നേരങ്ങളിൽ അതിനടുത്തിരുന്ന് ഞാൻ പുസ്തകം വായിക്കാറുണ്ട്. കൂട്ടുകാർ വീട്ടിൽ വരുമ്പോൾ എന്നെക്കാൾ വളർന്ന ആ മരം ഞാൻ അഭിമാനത്തോടെ അവർക്ക് കാണിച്ചുകൊടുക്കും. വർഷങ്ങൾ കഴിയുമ്പോൾ എന്റെ കുഞ്ഞുമരം വളർന്നു വലുതാകും. അതിൽ നിറയെ ഫലങ്ങളുണ്ടാകും. അനേകം ജീവജാലങ്ങൾക്ക് ആ മരം തണൽ നൽകും എന്നാണെന്റെ പ്രതീക്ഷ.

*ലിയ ഫാത്വിമ, ക്ലാസ് 9,*
*ഐ എ എസ് എം*
*കൊടക്കാട്*



## മഴ

മിന്നിത്തിളങ്ങും മുത്തുമഴ
മാനം ചൊരിയും പവിഴമഴ
തുള്ളിച്ചാടും തളിരുമഴ
കുളിരായ് പെയ്യും കനകമഴ

*മുഹമ്മദ് റബീഹ് വി കെ,*
*ശറഫുദ്ദീൻ മദ്റസ, ഞെട്ടിച്ചാടി*

# തണൽപ്പന്തൽ

**ഒ**രിക്കൽ, വേനലവധിക്ക് നാട്ടിലെത്തിയപ്പോൾ ഉപ്പുപ്പ എനിക്കൊരു ചെറിയ പ്ലാവിൻ തൈ നൽകിക്കൊണ്ടു പറഞ്ഞു: 'ഇതൊരു മരം മാത്രമല്ല; നിന്റെ കൂടെ വളരാൻ പോകുന്ന ഒരു കൂട്ടുകാരനുമാണ്.' വീടിന്റെ തെക്കേ അതിരിൽ, നന്നായി വെളിച്ചം വീഴുന്ന ഒരിടം നോക്കി ഞാനാ തൈ നട്ടു. അന്നു മുതൽ എന്റെ ഓരോ ദിനവും ആരംഭിച്ചിരുന്നത് ആ ചെടിയെ നോക്കിക്കൊണ്ടായിരുന്നു.

മരത്തിൽ പുതിയ തളിരിലകൾ വിരിയുമ്പോൾ എനിക്കു കിട്ടുന്ന സന്തോഷം വാക്കുകൾക്കതീതമായിരുന്നു. എന്റെ കൈപ്പത്തിയുടെ വലിപ്പം മാത്രമുണ്ടായിരുന്ന ആ തൈ, മാസങ്ങൾ കഴിഞ്ഞപ്പോൾ എന്നെക്കാൾ ഉയരത്തിൽ വളർന്നു. ഒരു വൈകുന്നേരം ചെറിയൊരു കുരുവി ആ മരത്തിന്റെ കൊമ്പിലിരുന്ന് ചിലയ്ക്കുന്നത് ഞാൻ കണ്ടു. ആ പ്ലാവ് ഇന്ന് ഒരു വലിയ മരമായി വളർന്നു പന്തലിച്ചു നിൽക്കുന്നു.

*നൗഫിയ കെ,*
*മദ്റസതുൽ ഹസനിയ്യ,*
*പൂങ്ങോട്*



# അടയാളം

**വ**ർഷങ്ങൾക്കു മുമ്പ് ഞാൻ നട്ട ചെറിയൊരു തൈ ഇന്ന് പല ചില്ലകളായിപ്പടർന്ന് തണൽവിരിച്ചു നിൽക്കുന്നു. ഞാൻ നട്ട ആ മരം എന്റെ ഉറ്റ ചങ്ങാതിയാണ്. അതിന്റെ ഓരോ തളിരിലും പൂവിലും എന്റെ സ്നേഹത്തിന്റെ നനവുണ്ട്.

ഉച്ചസമയത്ത് അതിന്റെ തണലിലിരിക്കുമ്പോൾ കിട്ടുന്ന കുളിർമ മറ്റെവിടെയും അനുഭവിക്കാൻ കഴിയില്ല. ഞാനീ മണ്ണിൽ ജീവിച്ചിരുന്നുവെന്നതിന്റെ തെളിവായി ഈ മരം എനിക്കുശേഷവും തണൽവിരിച്ചുനിൽക്കട്ടെ.

*സഫാ ഫാത്വിമ, ക്ലാസ് 7,*
*സിറാജുൽഹുദാ മദ്റസ,*
*ഊജംപദവ്*

# പദപ്രശ്നം 10

| | | | | | |
|---|---|---|---|---|---|
| 10 കു | 8 | 1 | | 3 | |
| | 7 | 6 | | | 5 |
| | | ഡോ | 4 | | |
| | | | | | |
| 9 | 2 | | | | ശം |

## വലത്തോട്ട്

1. ഇന്ത്യൻ പാർലമെന്റിലെ അധോസഭ? (4)
2. പി വി ഷാജികുമാർ എഴുതിയ പ്രസിദ്ധ നോവൽ? (5)
6. പറക്കുന്ന സസ്തനി? (3)
7. ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനം? (2)
9. ഇന്ത്യയുടെ ദേശീയ പുഷ്പം? (3)

## താഴോട്ട്

3. അന്ത്യനാളിൽ മീസാനിൽ ഏറ്റവും കൂടുതൽ കനം തൂങ്ങുന്ന നന്മ? (5)
4. ചിത്രം 1 (3)
5. മനുഷ്യശരീരത്തിലെ ഏറ്റവും ഭാരം കുറഞ്ഞ അവയവം? (4)
6. ഗുജറാത്തിന്റെ സാംസ്കാരിക തലസ്ഥാനം? (4)
8. ‘ഉലാൻബാതർ’ ഏതു രാജ്യത്തിന്റെ തലസ്ഥാനമാണ്? (4)
10. ചുവന്ന സായിപ്പിന് കറുത്ത തൊപ്പി – കടങ്കഥ (4)



ചിത്രം 1

## പദപ്രശ്നം 9 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 8 ക | ത്രി | 7 ക | 1 തൂ | 2 ഫാ | ൻ |
| 10 കു | ടി | പ്പ | 5 ക | ര | ൾ |
| 4 കാ | 3 അ | ൽ | ഫോ | ൻ | 9 സോ |
| 6 വേ | ഴാ |മ്പ | ൽ | ഹീ | ജി |
| 11 രി | ഹ് | ല | 12 ബാ | റ്റ് | ല |

പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക.

അവസാന തീയതി: 2026 ആഗസ്റ്റ് 10

## പദപ്രശ്നം 9 വിജയികൾ

1. ഖദീജത്ത് മുനീബ, ക്ലാസ് 5, സിറാജുൽഹുദാ മദ്റസ, കർണൂർ
2. നൂറാ ഫാത്തിമ, ക്ലാസ് 5, മദ്റസത്തുൽ ഹിദായ, തേവലക്കര
3. ഫാത്തിമ ശക്കീർ, ക്ലാസ് 9, ശരീഅത്തുൽ ഇസ്‌ലാം മദ്റസ, എലൂക്കര
4. മുഹമ്മദ് അനസ് പി, ക്ലാസ് 3, ബയാനുൽഹുദാ മദ്റസ, താനാളൂർ
5. റസൽ അമീൻ, ക്ലാസ് 9, ദാറുൽഅർഖം അൽഇസ്‌ലാമിയ്യ, മുണ്ടുപാറ
6. ഫൈസ മെഹറിൻ, ക്ലാസ് 2, ദാറുൽഉലൂം സുന്നി മദ്റസ, തരുവണ
7. ശിഫ ഫാത്തിമ, ക്ലാസ് 9, അൽമദ്റസത്തുസ്സുന്നിയ്യ, എടത്തറ
8. സഹ്റ നിദ, ക്ലാസ് 8, റഹ്മാനിയ സുന്നി മദ്റസ, ചെങ്ങര
9. ഫാത്തിമ തസ്നീം, ക്ലാസ് 5, മുഹിമ്മാത്തുദ്ദീൻ സുന്നി മദ്റസ, ആൽപ്പറമ്പ്
10. ഖദീജത്ത് ശഹ്മ, ക്ലാസ് 9, മുനീറുൽ ഇസ്‌ലാം മദ്റസ, മൈമൂൻനഗർ

മുഹമ്മദ് പാറന്നൂർ

മീലാദുന്നബി സ്പെഷ്യൽ

# മൂന്ന് തീപ്പൊരികൾ



**ഖു**റൈശികളുടെ സഖ്യസേന മദീനയിലേക്ക് ഇരമ്പിക്കുതിച്ചു വരികയാണ്. പതിനായിരത്തോളം സൈനികരുണ്ട്. അവരിങ്ങെത്തിയാൽ മദീന തകർന്നു തരിപ്പണമാകും. എങ്ങനെയാണവരെ പ്രതിരോധിക്കുക? മുത്തുനബി(സ) സ്വഹാബികളുമായി ചർച്ച ചെയ്തു. പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. ഒന്നും തൃപ്തികരമായി തോന്നിയില്ല. അപ്പോഴാണ് പേർഷ്യക്കാരനായ സൽമാൻ പറഞ്ഞത്: 'തിരുദൂതരേ, നമുക്ക് മദീനാനഗരത്തിനു ചുറ്റും വലിയ കിടങ്ങു കുഴിച്ചാലോ? പേർഷ്യയിൽ കുതിരപ്പടയാളി

കളെ ഭയപ്പെടുത്തുമ്പോൾ അങ്ങനെയാണ് പ്രതിരോധമുണ്ടാക്കാറുള്ളത്.’

‘അതുകൊള്ളാം.’ സ്വഹാബികൾ ആ അഭിപ്രായത്തോട് യോജിച്ചു. മുത്തുനബി(സ)ക്ക് സന്തോഷമായി. ഏഴു ദിവസത്തിനുള്ളിൽ ശത്രുക്കൾ ഇങ്ങെത്തും. അതിനുമുമ്പ് വലിയ കിടങ്ങു കുഴിക്കണം. മുത്തുനബി(സ)യും സ്വഹാബികളും അരയും തലയും മുറുക്കിയിറങ്ങി. മണ്ണിളക്കിനീക്കി. പാറകൾ വെട്ടിത്തകർത്തു കിടങ്ങുപണി മുന്നേറി. അതിനിടയിലാണ് ഭീമാകാരനായ ഒരു പാറ അവരുടെ പണിമുടക്കിയത്. കരുത്തരായ സ്വഹാബികൾ ഓരോരുത്തരായി വന്ന് വലിയ മഴുവെടുത്ത് ആഞ്ഞുവെട്ടിനോക്കി. മഴു തെറിച്ചുപോവുകയല്ലാതെ പാറക്ക് അനക്കമില്ല. അതിന്റെ ഒരു തുണ്ടു പോലും അടർത്താനായില്ല.

‘മുത്തുനബി(സ)യെ വിളിക്കാം.’ എല്ലാവരും പറഞ്ഞു. അപ്പോഴേക്കും മുത്തുനബി(സ) അവിടെയെത്തി. അവർ കാര്യം പറഞ്ഞു. മുത്തുനബി(സ) മഴു കൈയിലെടുത്തു. ‘അല്ലാഹുഅക്ബർ’ എന്നു ചൊല്ലി ആഞ്ഞൊരു വെട്ട്! പാറയുടെ ഒരു ഭാഗം പൊട്ടിപ്പിളർന്നു. പാറയിൽ നിന്ന് ഒരു തീപ്പൊരി മദീനാപട്ടണത്തിനു മുകളിലൂടെ തെക്കുഭാഗത്തേക്ക് പറന്നു. വീണ്ടും ‘അല്ലാഹുഅക്ബർ’ ചൊല്ലി ആഞ്ഞുവെട്ടി. പാറയുടെ ഒരു ഭാഗം കൂടി പിളർന്നു. അപ്പോൾ പറന്ന തീപ്പൊരി ഉഹ്ദ് ഭാഗത്തൂടെ വടക്കുദിശയിലേക്കാണ് പാറിയത്. മൂന്നാമതും മുത്തുനബി(സ) ആഞ്ഞുവെട്ടി. പാറ മുഴുവൻ തവിടുപൊടിയായി. അപ്പോഴത്തെ തീപ്പൊരി കിഴക്കുദിശയിലേക്ക് പറന്നു.

സൽമാനുൽ ഫാരിസി(റ) ആ തീപ്പൊരികളെ ശ്രദ്ധിച്ചു നിൽക്കുകയായിരുന്നു. മൂന്നു ദിശയിലേക്ക് തീപ്പൊരികൾ പാറിയതിൽ എന്തോ രഹസ്യമുണ്ടെന്ന് അദ്ദേഹത്തിന്റെ മനം മന്ത്രിച്ചു. സൽമാൻ മുത്തുനബി(സ)യോട് ചോദിച്ചു: ‘തിരുദൂതരേ, അങ്ങ് ആ




# മുത്തുനബി

**ക**രുണക്കടലാണെന്റെ നബി
കനിവിൻ ഉറവിടമാണ് നബി
പുണ്യറബീഇലുദിച്ചു നബി
പാരിനനുഗ്രഹമായ നിധി

റൈഹാൻ

പാറയിൽ വെട്ടിയപ്പോൾ മൂന്നു ഭാഗത്തേക്ക് തീപ്പൊരികൾ പാറിയല്ലോ, എന്താണതിന്റെ പൊരുൾ? അങ്ങ് പറഞ്ഞുതന്നാലും!'

'സൽമാൻ, നീയതു കണ്ടിരുന്നവല്ലേ?' മുത്തുനബി(സ) ചോദിച്ചു.

'അതേ, ഞാൻ കണ്ടിരുന്നു.' സൽമാൻ പ്രതികരിച്ചു.

അപ്പോൾ മുത്തുനബി(സ) പറഞ്ഞു: 'ആദ്യത്തെ തീപ്പൊരി തെക്കുഭാഗത്തേക്കാണല്ലോ പറന്നത്, അതിലൂടെ അല്ലാഹു എനിക്ക് യമനിലേക്കുള്ള പാത തുറന്നു തന്നു. ഞാനപ്പോൾ യമനിലെ കൊട്ടാരങ്ങൾ കണ്ടു. രണ്ടാമത്തെ തീപ്പൊരിയുടെ പ്രകാശത്തിലൂടെ സിറിയയിലേക്കും മറ്റു പടിഞ്ഞാറൻ നാടുകളിലേക്കുമുള്ള പാത തുറന്നുകിട്ടി. ഞാനപ്പോൾ സിറിയയിലെ കൊട്ടാരങ്ങൾ കണ്ടു.

മൂന്നാമത്തെ തീപ്പൊരിപ്രകാശത്തിൽ ഞാൻ മദായിനിലെ കൈസറിന്റെ കൊട്ടാരങ്ങൾ കണ്ടു. ആ ഭാഗങ്ങളിലേക്കും അല്ലാഹു എനിക്ക് വഴി തുറന്നുതന്നിരിക്കുന്നു.'

അക്കാലത്തെ ശക്തരും പ്രസിദ്ധരുമായ ചക്രവർത്തിമാരുടെ കോട്ടകൊത്തളങ്ങൾ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും അധീനപ്പെടുമെന്ന പ്രവചനമായിരുന്നു തിരുനബി(സ) നടത്തിയത്. ഏതാനും വർഷങ്ങൾക്കുള്ളിൽ ആ പ്രവചനം സത്യമായി പുലർന്നു. കിസ്റയും കൈസറുമൊക്കെ മുസ്‌ലിംകൾക്കു കീഴടങ്ങി.

# ഗുരുത്വാകർഷണം

**ആവശ്യമായത്:** ഒരു പുസ്തകം, പുസ്തകത്തിന്റെ അതേ വലിപ്പമുള്ള ഒരു പേപ്പർ.

**ചെയ്യേണ്ട വിധം:**

ഘട്ടം 1: പുസ്തകവും പേപ്പറും ഒരേ ഉയരത്തിൽ വലതും ഇടതും കൈകളിൽ പിടിച്ച് ഒരേസമയം താഴേക്കിടുക.

ഘട്ടം 2: പേപ്പർ പുസ്തകത്തിനു മുകളിൽ കൃത്യമായി ചേർത്തുവെച്ച് താഴേക്കിടുക.

ഘട്ടം 3: പേപ്പർ നന്നായി ചുരുട്ടി ഒരു പന്താക്കുക. ഈ പന്തും പുസ്തകവും ഒരേ ഉയരത്തിൽ നിന്ന് ഒരേ സമയം താഴേക്കിടുക.




**സംഭവിക്കുന്നത്:**

**ഘട്ടം 1:** പുസ്തകം ആദ്യം നിലത്തു വീഴുന്നു, പേപ്പർ പതുക്കെയേ വീഴുന്നുള്ളൂ. നിവർന്നിരിക്കുന്ന പേപ്പറിന് ഉപരിതല വിസ്തീർണ്ണം കൂടുതലായതിനാൽ വായുവിന്റെ പ്രതിരോധം അതിനെ പെട്ടെന്നു താഴേക്ക് വീഴുന്നത് തടയുന്നു. ഭാരമുള്ളതിനാൽ പുസ്തകം ഈ തടസ്സം മറികടന്ന് വേഗം വീഴുന്നു.

**ഘട്ടം 2:** പുസ്തകവും പേപ്പറും ഒരേ വേഗതയിൽ ഒരുമിച്ച് താഴേക്ക് വീഴുന്നു. പുസ്തകത്തിനു മുകളിലായതിനാൽ, പേപ്പറിനുണ്ടായിരുന്ന വായുവിന്റെ തടസ്സത്തെ പുസ്തകം നീക്കുന്നു. വായുവിന്റെ പ്രതിരോധമില്ലാതാകുന്നതോടെ രണ്ടും ഒരേ വേഗതയിൽ സഞ്ചരിക്കുന്നു.

**ഘട്ടം 3:** ചുരുട്ടിയ പേപ്പർപന്തും പുസ്തകവും ഒരേ സമയം നിലത്തു വീഴുന്നു. പേപ്പർ ചുരുട്ടുമ്പോൾ അതിന്റെ ഉപരിതല വിസ്തീർണ്ണം കുറയുകയും വായുവിന്റെ പ്രതിരോധം ഇല്ലാതാവുകയും ചെയ്യുന്നതാണ് കാരണം. വായുവിന്റെ തടസ്സമില്ലെങ്കിൽ, ഭാരവ്യത്യാസമില്ലാതെ എല്ലാ വസ്തുക്കളും ഒരേ വേഗതയിലായിരിക്കും ഭൂമിയിലേക്ക് പതിക്കുക എന്ന ഗലീലിയോയുടെ ശാസ്ത്രതത്വമാണ് ഈ പരീക്ഷണം തെളിയിക്കുന്നത്.

# പരിഹാസം നന്നല്ല


മരച്ചുവട്ടിൽ വിശ്രമിക്കുകയായിരുന്നു ആട്ടിൻകുട്ടികൾ.
ദൂരെ നിന്ന് ആരോ ഓടി വരുന്ന ശബ്ദം കേൾക്കുന്നുണ്ടല്ലോ!


ങേ? ഒരു കുതിരയല്ലേ അത്?
ഹൂ... ഹൂ...


ഹായ് ചങ്ങാതിമാരേ!
ഹിഹി, ശരീരത്തിന് എത്ര ശക്തിയുണ്ടായിട്ടെന്താ, ധൈര്യം വേണ്ടേ?


എന്റെ പിറകെ വരുന്നത് ആരാണെന്നറിഞ്ഞാൽ നിങ്ങളും കൂടും എനിക്കൊപ്പം
ങ്ഹേ?
ഗ്ർർ...
ഗർർർ.....
ഹുയ്യോ, സിഹം വരുന്നേ, ഓടിക്കോ....
ഒരാളെയും കാര്യമറിയാതെ പരിഹസിക്കരുത്.

# കളിക്കളം





## വഴി കാണിക്കാമോ?

ചിമ്പുത്തേനീച്ചക്ക്
പൂന്തേൻ വേണം.
പൂവിനടുത്തെത്താൻ
തേനീച്ചക്കുഞ്ഞിനെ
കൂട്ടുകാർ
സഹായിക്കില്ലേ?



## ഒറ്റയാനാര്?

കൂട്ടത്തിലെ ഒറ്റയാനെ
കണ്ടെത്തി വൃത്തത്തിലാക്കൂ.



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം

ചിത്രത്തിന് അനുയോജ്യമായ നിറം നൽകി ഭംഗിയാക്കൂ...



Story Line

# The Goat with Broken Horn

In the evening, a shepherd was returning home with his herd of goats. The exhaustion of working hard all day was visible on his face. Meanwhile, one goat broke away from the herd and started to run. Despite his best efforts, the shepherd could not catch it. In a fit of anger, he picked up a stone and hurled it at the goat. The stone struck the goat and broke one of its horns.

Seeing this, the shepherd grew terrified. If the master found out, he would surely be punished! He gently said to the goat, "My friend, please don't mention this to the master, okay?" Then the



goat replied, "You foolish man, do I even need to say it? Won't the master understand what happened just by looking at my horn?"

"Trying to hide something that cannot be hidden will only lead to more trouble," the shepherd thought to himself.



**ആ**ട്ടിൻകൂട്ടവുമായി സന്ധ്യാനേരത്ത് വീട്ടിലേക്ക് മടങ്ങുകയായിരുന്നു ഇടയൻ. പകൽ മുഴുവൻ അധ്വാനിച്ചതിന്റെ ക്ഷീണം അയാളുടെ മുഖത്തുണ്ടായിരുന്നു. അതിനിടയിൽ ഒരാട് കൂട്ടംതെറ്റി ഓടാൻ തുടങ്ങി. കിണഞ്ഞു ശ്രമിച്ചിട്ടും ഇടയന് ആടിനെ പിടിക്കാൻ കഴിഞ്ഞില്ല.

ദേഷ്യം പിടിച്ച ഇടയൻ ഒരു കല്ലെടുത്ത് ആടിനു നേരെ ആഞ്ഞെറിഞ്ഞു. കല്ലു കൊണ്ട് ആടിന്റെ കൊമ്പുകളിലൊന്ന് മുറിഞ്ഞുപോയി. ഇതുകണ്ട് ഇടയനു പേടിയായി. യജമാനൻ അറിഞ്ഞാൽ തനിക്കു ശിക്ഷ ഉറപ്പാണ്!

അയാൾ സൗമ്യനായി ആടിനോട് പറഞ്ഞു: 'ചങ്ങാതീ, നീ ഈ വിവരം യജമാനനോട് പറയരുത് കേട്ടോ.' അപ്പോൾ ആട് പറഞ്ഞു: 'വിഡ്ഢിയായ മനുഷ്യാ, അത് ഞാൻ പറഞ്ഞിട്ട് വേണോ? എന്റെ കൊമ്പു കണ്ടാൽ തന്നെ യജമാനന് കാര്യം മനസ്സിലാകില്ലേ?'

'ഒളിപ്പിക്കാൻ കഴിയാത്തത് ഒളിപ്പിക്കാൻ ശ്രമിച്ചാൽ കൂടുതൽ കുഴപ്പമാകും.' ഇടയൻ മനസ്സിൽ പറഞ്ഞു.

# Grammar

## Prepositions of Place

*A preposition of place is a word or phrase that shows the specific location, position, or direction of a person, object, or place in relation to something else.*

***Here are 10 Examples broken down by how they are used:***

**1. In (Inside a space, area, or container)**

**Eg:** The keys are in the drawer.

**Meaning:** The keys are enclosed on all sides by the drawer.



**2. On (Resting on a surface)**

**Eg :** The book is on the desk.

**Meaning:** The book is touching the top flat surface of the desk.

**3. Under (Directly below something)**

**Eg:** The cat is sleeping under the bed.

**Meaning:** The bed is directly above the cat.

**4. Over / Above (Higher than something, without touching it)**

**Eg:** A beautiful painting hangs above the fireplace.

**Meaning:** The painting is at a higher level than the

fireplace on the wall.

**5. Next to / Beside (At the side of something)**

**Eg:** The coffee shop is next to the library.

**Meaning:** The coffee shop and the library are side-by-side.



**6. Between (In the space separating two objects or people)**

**Eg:** The apple rolled between the two laptops.

**Meaning:** There is a laptop on the left and a laptop on the right of the apple.

**7. Behind (At the back of something)**

**Eg:** The car is parked behind the house.

Meaning: The house blocks the view of the car from the front.



**8. In front of (At the forward part or ahead of something)**

**Eg:** The teacher stood in front of the whiteboard.

**Meaning:** The teacher is facing the room, with the whiteboard right behind them.

Master Imitable





Look at that fallen branch. Shall we move it away from the road?
That's a wonderful idea! I will chop the branches and help you.
It must have fallen during the storm last night.
Yes, exactly!
Soon after...
Look at that! The roadblock is almost cleared now.
Yes! Because we worked together, we were able to do it so well.
We have done something that brings a great reward.
What kind of reward do you mean?
Beloved Prophet (S.A.W) taught us that removing obstacles from the path is a part of faith.
May Allah bless us all.

# WORD PUZZLE

Read the story 'The Goat with Broken Horn' and find out 12 words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| H | O | M | E | C | A | F |
| O | E | C | A | T | C | H |
| R | F | R | I | E | N | D |
| N | T | U | D | A | E | L |
| M | A | N | H | I | D | E |
| F | O | O | L | I | S | H |
| A | G | S | T | O | N | E |

## Name me



U



U



U

ANS: Umbrella, Uniform, Unicycle

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 6 | | | | | | 8 | 9 |
| | 9 | | 7 | 6 | | | | 1 |
| | 1 | 8 | 4 | | | 5 | | |
| | | | | 7 | | 2 | | 4 |
| | 7 | 1 | 2 | 9 | 4 | | | |
| | | 4 | 3 | 1 | | | | 8 |
| | | | | 4 | 3 | 7 | | |
| 9 | | | 6 | | 1 | | 5 | 3 |
| 5 | | 6 | | | | 1 | | |

## Sudoku

ANSWER
**2026 July Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 4 | 1 | 8 | 3 | 9 | 2 | 5 | 6 |
| 2 | 6 | 9 | 4 | 5 | 7 | 1 | 3 | 8 |
| 8 | 5 | 3 | 1 | 6 | 2 | 7 | 4 | 9 |
| 6 | 9 | 2 | 7 | 8 | 5 | 4 | 1 | 3 |
| 1 | 8 | 4 | 6 | 2 | 3 | 9 | 7 | 5 |
| 5 | 3 | 7 | 9 | 1 | 4 | 8 | 6 | 2 |
| 9 | 7 | 5 | 3 | 4 | 8 | 6 | 2 | 1 |
| 4 | 2 | 6 | 5 | 9 | 1 | 3 | 8 | 7 |
| 3 | 1 | 8 | 2 | 7 | 6 | 5 | 9 | 4 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**